L. No 7. of 1112 Dated 8-12-36. Reg. No: M. 3696 C. 161

# The Prakasam

PUBLISHED EVERY SUNDAY.

EDITOR-IN-CHIEF DR. KAMAL PASHA THAIL

VOL. III. No. 24 | COCHIN—JULY, 4 — 1937. | PRICE ANNA ONE

Insure With The Guardian of India Insurance Co., Ltd.



THE MOSQUE OF YILRIM BURSA, TURKEY.

# അമീൻ ബീഡി

പ്രസിദ്ധപ്പെട്ട "നിപ്പാനി പുകയി-
ല"യാൽ ഉണ്ടാക്കുന്ന

"അമീൻ ബീഡി"

വാങ്ങി ഉപയോഗിപ്പിൻ

റങ്കൂൺ, സിലോൺ, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ഞങ്ങളുടെ ബീഡി ധാരാളം കയററി അയക്കുന്നു. കച്ചവടക്കാൎക്കു പ്രത്യേക നിരക്ക്. അധികവിവരത്തിന്നു ഉടൻ അപേക്ഷിക്കുവിൻ.

മാനേജർ,

അമീൻ ബീഡി വക്ക്സ്.

ടി. സി. റോഡ്, തലശ്ശേരി.



"വാത രോഗികളുടെ മഹാഭാഗ്യം"

# പരസ്യം

"അസ്ഥി ഉരുക്കക്കാരുടെ ഭാഗ്യോദയം"

കോക്കൂർ മാമ്പായിൽ മുഹമ്മദ് ഹാജികമാലുദ്ദീൻ ശൈഖ് തങ്ങൾ അവർകളുടെ ശിഷ്യൻ എം. കെ. അബ്ദുല്ലവൈദ്യൻ, എറണാകുളം കല്ലൂര് സൎക്കാർസ്കൂളിന്നടുത്ത് പുതുതായിഒരു "മുഹമ്മദീയവൈദ്യശാല" തുറന്നിരിക്കുന്നു. ഇവിടെ വിഷംമുതൽ ഭ്രാന്തുവരെയുള്ള സകലവിധ ചികിത്സയും ചെയ്യുന്നതാണ്. ഇവിടെ "ഉള്ളിഭസ്മം" കിട്ടും ഈ ഭസ്മം "വാതംമുതൽ അസ്ഥിഉരുക്കം" വരെയുള്ള എല്ലാരോഗത്തിന്നും പററുന്നതാണ് ഉറുപ്പികതൂക്കത്തിന്നു 7 ക 8 ണമാത്രം വില. ധാതുപുഷ്ടിക്കു കൈകണ്ട ഔഷധമുണ്ട് ഉടനെ ഫലംകിട്ടും 12 ഗുളികകൾ സേവിച്ചാൽമതി വില 3 ക.

സേവിക്കുന്നവൎക്കു ഫലമില്ലെന്നു ബോദ്ധ്യപ്പെട്ടതിയാൽ വില മടക്കിക്കൊടുക്കുന്നതാണ്. സാധുക്കളെ പ്രത്യേകം സഹായിക്കും.

എന്നു, എം. കെ. അബ്ദുല്ലവൈദ്യൻ

കല്ലൂര്

A. O. എറണാകുളം.



For Repairing, casting and Turning of all kinds of Motor Machines & Engines

*Apply to:—*

## The Sathar Mechanical Work Shop.

**Jew Town, COCHIN**

*The only institution of its kind for Prompt execution*

CHARGES MODERATE.

SATISFACTION GUARANTEED.

*Proprietor.* M. A. Kareem Sait.



## മഴക്കാലം ഇതാ ആസന്നമായിരിക്കുന്നു.

പലതരം കുടക്കാലുകൾ എത്രയും ആദായത്തിൽ വിൽക്കുവാൻ എപ്പോഴും തയ്യാർ. ആവശ്യമുള്ളവൎക്കു ചരക്കു വി. പി. മൂലം അയച്ചു കൊടുക്കുന്നതാണ്.

ആവശ്യപ്പെടേണ്ടും മേൽവിലാസം

ബി. സെയ്താലി & സൺസ്,

കുടക്കാൽ കച്ചവടം,

കുററിച്ചിറ,

കോഴിക്കോട്.



**NOVEL DESIGNS.**

NEW INVENTIONS. WONDERFUL RESULTS.

# THE FAMOUS "KAMALYA" PRODUCTS.



Cookers, Water Cookers, Tiffin Carriers, Ice-cream Makers, Refrigerators, Surgical Instrument, *Hospital* Requisites Etc., Etc, All Portables.

Best, Cheapest, Strongest, Economic, Hygienic & Scientific.

**Indian Brain, Indian capital & Indian Labour.**

For further particulars apply to:—

**The Manager, BOMBAY BRASS COPPER MART.**

Chakla, Mohamadali Road, Bombay 3.

# പ്രകാശം

പുസ്തകം 3 | കൊച്ചി 1937 ജൂലൈ 4 — 1112 മിഥുനം 20 | ലക്കം 2

## വസന്തം വരുമ്പോൾ

ഗുണമേറും—എന്നമട്ട്

(സി. ഏ. അബ്ദുൽ ഖാദർ,—ചവറ.)

അനഘവസന്ത മണഞ്ഞിടുമ്പോ-
ളിനിയു മിക്കാനനമൊന്നുകൂടി,
അവികലകാന്തി കലർന്നു മിന്നും;
നവയൌവനത്തിൽ വധൂടിപോലെ.

മലർനിരമേളിച്ച വാടിതോറും
കളഗാനം തൂകുന്ന പൂങ്കുയിലെ,
അരികിലാക്കുന്നിൻ ചരുവിലൊരു
ചെറുവല്ലി നില്പതു കണ്ടിതോ നീ?
അതുല്യമാമി ചെറുവല്ലി പൂത്തു
പുതുഭംഗിയേന്തുന്നതൊന്നു കാണ്മാൻ
മധുമാസം വന്നണയുന്ന നേര-
മിവിടെ വന്നെത്തുമോ പൂങ്കുയിലേ,

കളകണ്ഠ, നീ കണ്ട കാനനങ്ങ-
ളൊളിയേന്തും വാടികളായിരിക്കാം;
അതിലെല്ലാം പുഷ്പങ്ങൾ നിന്നേ നോക്കി
മതിമോദമുററുഹസിച്ചിരിക്കാം!
ശരി,—എന്നാലിച്ചെറുവല്ലി പോലെ
വരകാന്തി ചിന്തുന്നതല്ലതൊന്നും;
ഇതുപോലെ പങ്കമററുള്ളതല്ല;
ഇതുപോലാനന്ദ മണപ്പതല്ല.

അനഘവസന്ത മണഞ്ഞിടുമ്പോ-
ളിനിയുമിക്കാനന മൊന്നുകൂടി,
അവികലകാന്തി കലർന്നു മിന്നും;
നവയൌവനത്തിൽ വധൂടി പോലെ.

മലയ മന്ദാനിലനേററുമന്ദം
വിലസുന്ന സൂനങ്ങൾ വാരി വീശും
പരിമളപൂർണ്ണ പരാഗജാലം
പരിചൊ, ടിത്തോപ്പിലെല്ലായിടത്തും
നിറമതി ബിംബം ചൊരിഞ്ഞിടുന്ന
നറുവെണ്ണിലാവിൽ കളിച്ചു മെല്ലേ,
കളഗാനം പാടിയണഞ്ഞിടുമീ-
കുളിർ സരിത്തേററം മനോജ്ഞമത്രേ
അമരലോകാനന്ദ മീവിധത്തിൽ
അമരുമിക്കാനന സീമ്നി നീണാൾ
അതുലമാം പ്രേമഗീതങ്ങൾപാടി
പ്പുലരുവാനെത്തണേ പൂങ്കുയിലേ.

കനകസുസ്മേരം പൊഴിച്ചിടുമീ
വനികക്കലങ്കാര മായിടാംനീ

## ഒരു പരമാൎത്ഥം

(കെ. എം. കെ. മൂസ്സ, ശാസ്ത്രി വിദ്യാൎത്ഥി ആലുവാ)

ഭാരതതായേ! നീ കേണിടാതെ
ആരുണ്ടുകേൾക്കുവാൻ ഞങ്ങളെന്ന്യേ
കാരണമാരാഞ്ഞറിഞ്ഞു ഞങ്ങൾ,
കാരണവർ നിന്നെ നോക്കുന്നില്ല.
അമ്മെ! നീ വിമ്മിക്കരഞ്ഞിടൊല്ലേ
ചുമ്മാതരണ്യത്തിൽ രോദനം പോൽ
മാതാവിൻരോദന മീവിധത്തിൽ
കേൾക്കുകിൽ നാമിനി ജീവിക്കേണ്ടാ.
സോദരർ-നാമിന്നു താണുപോയ്ഹാ!
മദ്ദര മാതൃാഭിമാനം വാച്ചോർ
ഉല്ലയോ നമ്മിലിന്നാത്തമോദം
അല്ലെന്ന്യേ വെല്ലുവാൻ മാതൃഖേദം
അന്നാഥനിഷ്പോഷന്തികത്തിൽ
നിന്നാഥമായി നിന്നാശ്രയത്തിൽ
കാത്തനാൾ നീയെത്ര ഭാഗ്യ-ചക്ര-
ഭൂഷണമായേറെ ലാലസിച്ചു.
അന്നുനിൻ സന്തതി താതഭീത്യാ
ഒന്നുപോൽ ജീവിത മാനയിച്ചു
അന്യോന്യ ഭക്തിയിൽ സോദരത്വം
വന്നെത്തി ഞങ്ങൾതൻ മാനസത്തിൽ.
ഉല്ലാസ മാൎന്നു ഭാരതോൎവ്വി
എല്ലാതരത്തിലു മുന്നമിച്ചു
മാനുഷതത്വമാ മാവിശേഷ
മാനവ സോദൎയ്യമാസ്വദിച്ചു.
അന്യോന്യ മുക്തിയാം സാഗരത്തിൽ
സാദരം മുങ്ങിനാ മാനന്ദിച്ചു
ഇന്നുനിൻ ഭർതൃത്വ മത്രെദൂരെ
സിന്ധുവിനപ്പുറ മാണിരിപ്പൂ.
എന്ത്? ഇതീധീര ശ്രീപുണ്യഭൂവിൽ
ചിന്തിക്കിലില്ലന്നോ ധീരരൊട്ടും
നിൻഭർത്തൃ ഭാരത്തെ പേറിടാനായി
നിർഭയരുണ്ടെത്ര ശക്തരായി

---

ഇവിടുത്തെപ്പുൽക്കൊടി പോലുമങ്ങേ-
യ്ക്കരുളിടും സ്വാഗത സ്നേഹപൂൎവ്വം
x x x x
മധുമാസം വന്നണയുന്നനേര-
മിവിടെ വന്നെത്തണേ പൂങ്കുയിലെ.

# ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുക.

(ഈ കെ. മൗലവി)

ഇന്ന് മുസ്ലിംകളുടെ നില എത്രയും ശോചനീയമാണെന്ന് എല്ലാവരും ഒരുപോലെ സമ്മതിക്കുന്നു. സമുദായത്തിന്റെ അധഃപതനകാരണങ്ങളെ പലരും പലവിധത്തിൽ വിവരിക്കുന്നു. അതൊക്കെ ഏറക്കുറെ വാസ്തവമാണെന്ന് സമ്മതിക്കാതെയും തരമില്ല. മുസ്ലിംസമുദായത്തിന്റെ അധഃപതനകാരണം വിദ്യാഭ്യാസത്തിന്റെ അഭാവമാണെന്ന് പറയുന്നവരോട അതല്ലെന്ന് പറയുവാൻ എങ്ങിനെ സാധിക്കും? അവരുടെ ഇടയിൽ സംഘടനയില്ലാത്തതുകൊണ്ടാണെന്ന പറയുന്നവരോട് നാം എങ്ങിനെ എതിർക്കും? ഇങ്ങിനെ പരിശോധിക്കുന്നപക്ഷം സമുദായത്തിന്റെ അധഃപതനത്തിനുള്ള കാരണങ്ങൾ പലതായിരിക്കും. അങ്ങിനെയുള്ള കാരണങ്ങളെയെല്ലാം പരിഹരിക്കുമ്പോഴായിരിക്കും സമുദായത്തിന്ന ഇന്നത്തെ ശോച്യാവസ്ഥയിൽനിന്നും മുക്തി ലഭിക്കുക. ഇങ്ങിനെ പരിശോധിക്കുന്നപക്ഷം നിരവധി രോഗങ്ങൾ ബാധിച്ചിട്ടുള്ള ഒരു ശരീരമാണ് മുസ്ലിം സമുദായമെന്ന നമുക്കു കാണാം. എന്നാൽ ഈ രോഗങ്ങൾക്കെല്ലാം കൂടിയുള്ള ഒററമൂലിക എന്താണെന്നു കണ്ടുപിടിക്കുകയെന്നതു് ക്ഷിപ്രസാദ്ധ്യമല്ലെന്ന പ്രഥമ ദൃഷ്ടിയിൽ തോന്നിയേക്കാം. അങ്ങിനെ തോന്നുന്നുണ്ടെങ്കിലും ഒരു ഒററ മൂലിക കണ്ടുപിടിക്കുവാൻ സാധിക്കുമോ എന്നു പരിശോധിക്കുകയാണ് എന്റെ ഈ ലേഖനംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്.

മുസ്ലിം സമുദായ ശരീരത്തെ ഇന്നു ബാധിച്ചിട്ടുള്ള എല്ലാ രോഗങ്ങൾക്കും കൂടി ഒരു ഒററമൂലിക കണ്ടുപിടിക്കുവാൻ പ്രയാസമില്ലെന്നാണ് എനിക്കു തോന്നുന്നതു്. അതിന്നു നാം ഇസ്ലാം ചരിത്രത്തിലേക്കു ദൃഷ്ടി പതിക്കണം. ഒന്നാമതായി ഇസ്ലാം ചരിത്രത്തിലെ പ്രഥമഘട്ടത്തെയാണ് പഠിക്കേണ്ടതു്. സാമുദായികമായും സന്മാർഗ്ഗികമായും രാഷ്ട്രീയമായും ഏററവും ദുഷിച്ചുപോയിട്ടുള്ള ഒരു ജനസമുദായത്തിന്നിടയിലായിരുന്നു ലോകഗുരുവായ മുഹമ്മദ് നബി (സ) നിയോഗിതനായതു്. അന്നുമുതൽക്കാണ് ഇസ്ലാം ചരിത്രം ആരംഭിക്കുന്നതു്. എന്നാൽ ഏററവും ചുരുങ്ങിയ ഒരു കാലത്തിന്നിടയിൽ ആ ദുഷിച്ച ജനവിഭാഗത്തെ ഒരു മാതൃകാ സമുദായമാക്കിത്തീർക്കുവാൻ ആ പുണ്യാത്മാവിന് സാധിച്ചു. എങ്ങിനെ സാധിച്ചു? അല്ലാഹുവിന്റെ വചനങ്ങളെ—വിശുദ്ധ ഖുർആനെ—അവർക്കു വായിച്ചു കേൾപ്പിച്ചു. വാക്കുമൂലവും പ്രവൃത്തിമൂലവും നബി (സ) അവർക്കു അതിനെ വിവരിച്ചുകൊടുത്തു. തൽഫലമായി അവരിലുണ്ടായിരുന്ന നീചാചാരങ്ങളും ദുഷ്കൃത്യങ്ങളും എല്ലാം നശിച്ചു ഒരു ഉത്തമ സമുദായമായിത്തീർന്നു. ഇതിൽനിന്നും നാം പഠിക്കേണ്ടതു് ഏതൊരു ദുഷിച്ച ജനവിഭാഗത്തെയും പുനരുദ്ധരിക്കുവാനും പരിഷ്കരിക്കുവാനുമുള്ള ശക്തി വിശുദ്ധ ഖുർആനിന്നും റസൂൽ തിരുമേനിയുടെ സുന്നത്തിന്നും (വാക്കും പ്രവൃത്തിയും) ഉണ്ടെന്നല്ലയോ? ഇതിൽനിന്നും ഇന്ന് സമുദായ ശരീരത്തെ ബാധിച്ചിട്ടുള്ള രോഗങ്ങളിൽനിന്നും മോചനം ലഭിക്കുന്നതിനുള്ള ഒററ മൂലിക നാം കണ്ടെത്തുന്നതാണ്. അതത്രെ വിശുദ്ധ ഖുർആനും നബി (സ) യുടെ സുന്നത്തും. അതുകൊണ്ടു് ഇന്നു മുസ്ലിം സമുദായം നന്നാവണമെങ്കിൽ, ഉയരണമെങ്കിൽ, മററു സമുദായങ്ങളോട് കിടനിൽക്കണമെങ്കിൽ നാം വിശുദ്ധ ഖുർആനിലേക്കും റസൂൽ തിരുമേനിയുടെ സുന്നത്തിലേക്കും മടങ്ങണം. ഈ ഔഷധം തന്നെയാണ് റസൂൽ തിരുമേനി ഈ ലോകവുമായി യാത്രപറഞ്ഞ അവസരത്തിൽ നമുക്കു നൽകിയിട്ടുള്ളതു്. റസൂൽ തിരുമേനി ഇങ്ങിനെ പറയുകയുണ്ടായി:— "ഞാൻ നിങ്ങൾക്ക് രണ്ടുകാര്യം ബാക്കിയാക്കി വെച്ചിട്ടുണ്ടു്. അവ രണ്ടിനെയും നിങ്ങൾ മുറുകെ പിടിക്കുന്നപക്ഷം നിങ്ങൾ ഒരിക്കലും നേർമാർഗ്ഗംവിട്ടുതെററുകയില്ല. അവ അല്ലാഹുവിന്റെ കിത്താബും (ഖുർആൻ) റസൂലിന്റെ സുന്നത്തുമാണ്." പ്രഥമ ഖലീഫ അബൂബക്കർ (റ) ഒരവസരത്തിൽ ഇങ്ങിനെ പറയുകയുണ്ടായി:— "ഈ സമുദായത്തിന്റെ ആദ്യം എന്തുകൊണ്ടു നന്നായൊ അതുകൊണ്ടല്ലാതെ ഈ സമുദായത്തിന്റെ അവസാനം നന്നാവുകയില്ല."

ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുക എന്നതിന്റെ അർത്ഥം ഖുർആൻ ദൈവവചനങ്ങളാണെന്നും, സുന്നത്തു റസൂൽ തിരുമേനിയുടെ വചനങ്ങളും ചര്യകളും ആണെന്നും വിശ്വസിക്കുക എന്നുമാത്രമല്ല, അവരണ്ടും നമ്മോടു് എന്തെല്ലാം ആജ്ഞാപിക്കുന്നുണ്ടെന്നു പഠിക്കുകയും തദനുസാരം പ്രവർത്തിക്കുകയും ചെയ്യുകയെന്നാണ് അവരണ്ടിലേക്കും മടങ്ങുക എന്നതിന്റെ അർത്ഥം. വിശുദ്ധ ഖുർആനിനെ ഖബ്റിങ്കൽവെച്ചു ഓതുവാൻ വേണ്ടിയല്ലാ ദൈവം നമുക്കു നൽകിയിട്ടുള്ളതു്. ഖുർആൻ മുഴുവനും പരിശോധിച്ചാലും, റസൂൽതിരുമേനിയുടെ വചനങ്ങൾ ആകമാനം തിരക്കിയാലും "ഖത്തപ്പുര" കെട്ടി ഖുർആൻ ഓതിക്കുവാൻ ഉപദേശിച്ചതായി കാണുകയില്ല. ഖുർആനും സുന്നത്തും നമുക്കു നൽകീട്ടുള്ളതു് അവയിലെ വിധി വിരോധങ്ങളെ അറിഞ്ഞു തദനുസരണം പ്രവർത്തിക്കുവാനാണ്. അതിന്നു സമുദായം തയ്യാറാവണം അതാണ് ഖുർആനിലേക്കും സുന്നത്തിലേക്കുമുള്ള മടക്കം.

വിശുദ്ധ ഖുർആനും. നബി, (സ)യുടെ സുന്നത്തുമെല്ലാം അന്നത്തെ ജനങ്ങൾക്കുള്ളതാണ്. ഇന്നത്തെ ജനങ്ങൾക്കുള്ളതല്ലെന്നു വല്ലവരും വാദിക്കുന്നുവെങ്കിൽ അതവരുടെ അജ്ഞതക്കുള്ള മകുടോദാഹരണമാണ്. അല്ലാഹു പറയുന്നു:— "അവർ ഭിന്നിച്ചിട്ടുള്ള സംഗതികളെ വിവരിച്ചു തീരുമാനം ചെയ്യുന്നതിന്നും, വിശ്വസിക്കുന്ന ജനതക്ക് മാർഗ്ഗദർശനവും അനുഗ്രഹവുമായിട്ടുമാത്രമാണ് നാം നിനക്കു ഖുർആനിനെ വെളിപ്പെടുത്തിത്തന്നിട്ടുള്ളതു്." (ഖു. ശ.) ഇനിയും അല്ലാഹു പറയുന്നു:— "നാം നിനക്കു ഖുർആനിനെ വെളിപ്പെടുത്തിത്തന്നിട്ടുള്ളതു്, ജനങ്ങൾക്കായി ഇറക്കപ്പെട്ടതു് അവർക്കു വിവരിച്ചുകൊടുക്കുവാൻ വേണ്ടിയും അവർ ചിന്തിക്കുവാൻ വേണ്ടിയുമാണ്." (ഖു. ശ.) മേലുദ്ധരിച്ച രണ്ടു വാക്യങ്ങളിൽനിന്നും നാം എന്താണ് പഠിക്കുന്നതു്? നാം ചിന്തിക്കുന്നതിന്നും പഠിക്കുന്നതിന്നുമായി ദൈവം വിശുദ്ധ ഖുർആനെ നമുക്കു നൽകിയിരിക്കുന്നു. അതിനെ നമുക്കു വിവരിച്ചു തരേണ്ടതിന്നായി റസൂൽതിരുമേനിയെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു, എന്നല്ലെ മേലുദ്ധരിച്ച രണ്ടു ഖുർആൻ വചനങ്ങളിൽനിന്നും നാം പഠിക്കുന്നതു്. ആ വിശുദ്ധ ഖുർആനും, അതിനെ വിവരിക്കുന്ന റസൂൽ തിരുമേനിയുടെ സുന്നത്തും ഇന്നും നമ്മുടെ മുമ്പിൽ സുരക്ഷിതമായി കിടപ്പുണ്ടു്. അവയെ നാം പഠിക്കണം, അതനുസരിച്ചു ജീവിക്കണം. അതാണ് നമ്മുടെ ചുമതല. അപ്പോൾ നമുക്കു് നഷ്ടപ്പെട്ടുപോയിട്ടുള്ള അന്തസ്സിനെ വീണ്ടെടുക്കാം. ഒരുത്തമസമുദായമായി പരിശോഭിക്കാം. നമ്മുടെ കാര്യവും അതുതന്നെയാണ്.

ഖുർആനും ഹദീസും നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുകയില്ല. നമുക്ക് നമ്മുടെ "ഉലമാക്കൾ" എഴുതിവെച്ചിട്ടുള്ളതുമതി. എന്നൊക്കെ വാദിക്കുന്ന ചില "മുറിമുസലിയാന്മാരെ" ധാരാളം കണ്ടേക്കാം. പണ്ടൊരിക്കൽ ഒരു വാലുപോയ കുറുക്കൻ വാലുകൊണ്ടുള്ള ദോഷങ്ങളെ വർണ്ണിക്കുകയും, മററുള്ള കുറുക്കന്മാരെ വാലുമുറിക്കുവാനുപദേശിക്കുകയും ചെയ്ത കഥയാണ് ഈ "മുറിമുസലിയാന്മാരെ" പററിപറയുമ്പോൾ ഓ

മ്മവരുന്നതു്. ഇവൎക്കു ഖുർആനും ഹദീസും അറിഞ്ഞുകൂടാ. അതുകൊണ്ടു് മററുള്ളവരും പഠിക്കരുതെന്നാണ് ഇവരുടെ ദുർമ്മോഹം. എല്ലാവൎക്കും മനസ്സിലാവത്തക്ക ലളിതകോമളമായ ഭാഷയിൽ പറയുവാനുള്ള പാടവം "ഉലമാക്കളെ"ക്കാൾ അല്ലാഹുവിനും അവന്റെ റസൂലിനുമാണെന്നുള്ളതിൽ ഏതെങ്കിലും ഒരു മുസ്ലിം സംശയിക്കുമോ? ഇല്ല; ഒരിക്കലുമില്ല. "ചിന്തിക്കുന്നവൎക്ക് ഖുർആനിനെ നാം എളുപ്പമാക്കിയിരിക്കുന്നു. ചിന്തിക്കുന്നവരില്ലയോ?" എന്നത്രെ വിശുദ്ധഖുർആൻ ഘോഷിക്കുന്നതു്.

റസൂൽ തിരുമേനിയുടെ തിരുവചനത്തിൽ ഇങ്ങിനെ കാണുന്നു:— "ആർ അല്ലാഹുവിന്റെ വിശുദ്ധഗ്രന്ഥം പഠിക്കുകയും അതിലുള്ളതിനെ പിന്തുടരുകയും ചെയ്യുമോ, അവനെ അല്ലാഹു ഇഹത്തിൽവെച്ചു ദുർമ്മാൎഗ്ഗത്തിൽനിന്നും നേർമാൎഗ്ഗത്തിലേക്ക് ചേൎക്കുകയും, പരലോകത്തുവെച്ച് ശിക്ഷയിൽനിന്ന് അവനെ രക്ഷിക്കുകയുംചെയ്യും." റസൂൽ തിരുമേനി ഈ വചനത്തിന്റെ അവസാനത്തിൽ, "എന്റെ ഖുർആനിനെ തുടരുന്നവൻ വഴിപിഴക്കുകയോ നിൎഭാഗ്യവാനായിത്തീരുകയോ ചെയ്യുന്നതല്ല" എന്ന ഖുർആൻ വാക്യം ഓതികേൾപ്പിക്കുകയുണ്ടായി. നമ്മുടെ മാൎഗ്ഗത്തെ സുരക്ഷിതമാക്കിത്തീൎക്കുന്നതിന്നും, ഇന്ന് നമ്മെ ബാധിച്ചിട്ടുള്ള അധഃപതനത്തിൽനിന്ന് മോചനം ലഭിക്കുന്നതിന്നും ഉള്ള ഏകമാൎഗ്ഗം ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങലാണെന്നുള്ളതിന്ന് ഇതിലധികം തെളിവ് ഇനിയെന്താണ് വേണ്ടതു്. അല്ലാഹു വ്യക്തമായ ഭാഷയിൽ ഇങ്ങിനെ പറയുന്നു:- "സത്യവിശ്വാസികളെ നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും നിങ്ങളിൽനിന്നുള്ള അധികാരികളെയും അനുസരിക്കുക. വല്ലകാൎയ്യത്തിലു നിങ്ങൾ അന്യോന്യം ഭിന്നിക്കുന്നതായാൽ, നിങ്ങൾ അല്ലാഹുവിലു അന്ത്യദിനത്തിലുംവിശ്വസിച്ചവരാണെങ്കിൽ, നിങ്ങൾ അതിനെ അല്ലാഹുവിന്റെയും റസൂലിന്റെയും അടുക്കലേക്കു മടക്കുക. അതാണുത്തമം. അതാണ് നല്ല മടക്കം." (ഖു. ശ.)

സഹോദരന്മാരെ, നാം മതസംബന്ധമായ വല്ല കാൎയ്യത്തിലും അഭിപ്രായവ്യത്യാസമുണ്ടായാൽ ഒന്നാമതായി അക്കാൎയ്യത്തിൽ അല്ലാഹു എന്തുപറയുന്നു എന്നും, റസൂൽ എന്തുപറയുന്നു എന്നും പരിശോധിക്കണം. അതനുസരിച്ചു തീരുമാനിക്കണം. അതാണ് ശരിയായ തീരുമാനം. നമ്മുടെ ഇന്നത്തെ സ്ഥിതി ഇതിൽ നിന്നൊക്കെ എത്രയോ വ്യത്യസ്ഥമായിട്ടാണിരിക്കുന്നതു. ഇസ്ലാംമതം പൌരോഹിത്യത്തെ കഠിനമായി വെറുക്കുന്നുണ്ടെങ്കിലും, പൌരോഹിത്യത്തിന്റെ ഒരുവകഭേദമാണ്—പരോക്ഷമായിട്ടെങ്കിലും—ഇന്ന് സൎവ്വത്ര കണ്ടുവരുന്നതു്. ഈ സ്ഥിതിക്കു ഒരു മാററം വരുത്തേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനെയും റസൂൽ തിരുമേനിയുടെ സുന്നത്തിനെയും അനുകരിച്ചു ജീവിക്കുവാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ!


———

# ഇന്ത്യയിലെ അപകടസ്ഥാനങ്ങൾ

## ബംഗാൾ കഴിഞ്ഞാൽ തിരുവിതാംകൂറും കൊച്ചിയുമത്രെ.

ഒരു തിരുവിതാംകൂർ സൎവ്വകലാശാലയുടെ സൃഷ്ടിക്കു പ്രേരകമായ സംഗതി മദ്രാസ് സൎവ്വകലാശാലയോടുള്ള ശത്രുഭാവമല്ലാ എന്നാണ് തിരുവിതാംകൂർ സൎവ്വകലാശാലയെപ്പററി മലയാളരാജ്യത്തിന്റെ പ്രതിനിധിയും ദിവാൻജിയുമായുള്ള ഒരു കൂടിക്കാഴ്ചയിൽവച്ചു ദിവാൻജി പ്രസ്താവിച്ചതു്. അദ്ദേഹം ഇപ്രകാരം തുടൎന്നു:— മദ്രാസ് സൎവ്വകലാശാലയുടെ പരിധിയിൽ വിദ്യാഭ്യാസത്തിലും പരിഷ്ക്കാരത്തിലും വളർച്ചയിലും വളരെ വളരെ അന്തരമുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നു. ആ പ്രദേശങ്ങൾക്കെല്ലാം ഒരു പോലെ മദ്രാസ് സൎവ്വകലാശാല പ്രയോജനപ്പെടുകയെന്നതു സാദ്ധ്യമല്ല മദ്രാസ്സൎവ്വകലാശാലയുടെ പകർപ്പെന്ന നിലയിലല്ലാ തിരുവിതാംകൂർ സൎവ്വകലാശാല തുടങ്ങുന്നതു്. മററു സ്ഥലങ്ങളെക്കാൾ തിരുവിതാംകൂറിന്റെ ആവശ്യങ്ങളും പരിതാവസ്ഥകളും ഭിന്നമാണ്. അതിനാൽ ഒരു പുതിയ നയമാണ് അവലംബിക്കേണ്ടിയിരിക്കുന്നതു്. നമ്മുടെ വനവിഭാഗങ്ങളെ വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നതിന്നും കാർഷികവും വ്യവസായികവുമായ അഭിവൃദ്ധിയുണ്ടാകുന്നതിനും ആവശ്യമായ പരിശീലനങ്ങൾക്കും ഗവേഷണങ്ങൾക്കും സ്വന്ത സൌകൎയ്യമുണ്ടായിരിക്കണം. ബംഗാൾ കഴിഞ്ഞാൽ ഇൻഡ്യയിലെഅപകടസ്ഥാനങ്ങൾ തിരുവിതാംകൂറും കൊച്ചിയുമാണെന്നാണ് ഞാൻ ധരിച്ചിരിക്കുന്നതു്. ഈ രാജ്യങ്ങൾ വിദ്യാഭ്യാസത്തിൽ മററു രാജ്യങ്ങളെ പിമ്പിലാക്കിയിരിക്കുന്നതാണ് ഇതിനു കാരണം. വിദ്യാവിഹീനർ പട്ടിണികിടന്നാൽ അതു വിധിയാണെന്നു കരുതി സമാധാനിക്കാം. എന്നാൽ അഭ്യസ്തവിദ്യരുടെ ഇടയിൽ തൊഴിലില്ലായ്മയുടേയും പട്ടിണിയുടേയും ഫലമായുണ്ടാകുന്നതു ഗൌരവാവഹമായ ഭവിഷ്യത്തുകളായിരിക്കും. ദാരിദ്ര്യത്തിന്റേയും തൊഴിലില്ലായ്മയുടേയും ദുഷ്ഫലങ്ങൾ ഇവിടെ പ്രത്യക്ഷപ്പെടാതിരിക്കുന്നതു് ദക്ഷിണേന്ത്യക്കാർ ബംഗാളികളേയും പഞ്ചാബികളേയുംകാൾ സമാധാന പ്രിയന്മാരായതുകൊണ്ടാണ്. ഈ നിലയിൽ ഒരു പത്തു വർഷം കൂടി കഴിഞ്ഞാൽ കാൎയ്യങ്ങൾ പാടെ മാറും. അതു ഭവിക്കാതിരിപ്പാൻ നേരത്തെ കരുതണം. കരകൌശലത്തിനു സെക്കൻഡ് ഫോറമോ തേൎഡ്ഫോറമോ മുതൽ പരിശീലനം കൊടുക്കണം. ഹൈസ്കൂൾ വിടുന്നതുവരെ അഭിരുചിക്കനുസരണമായി ഇത്തരം പരിശീലനമുണ്ടായിരിക്കണം. ഫാറസ്റ്ററി, ഇഞ്ചിനീയറിംഗ്, കൃഷി, വ്യവസായം, ബാങ്കിംഗ് എന്നീ വിഷയങ്ങൾക്കു ഡിപ്ലോമാ കൊടുക്കുന്നതിനാണ് യൂണിവേഴ്സിററി. നിൎദ്ധനന്മാൎക്കു പ്രയോജനപ്പെടത്തക്കവണ്ണം യൂണിവേഴ്സിററി ചിലവുചുരുങ്ങിയിരിക്കണം. ഏതുഘട്ടത്തിൽ വിദ്യാലയം വിട്ടാലും തൊഴിൽ ചെയ്തു ജീവിക്കാൻ പ്രാപ്തിയുണ്ടായിരിക്കണം. ഇതു് മദ്രാസ് സൎവ്വകലാശാലയെക്കൊണ്ടു സാധിക്കുമോ?

കോൺഗ്രസ്സ് ഉദ്യോഗം സ്വീകരിച്ചാൽ ഭരണവ്യവസ്ഥ ഉടയ്ക്കാനുള്ള ശ്രമമായിരിക്കും അവൎക്കുള്ളതു്. മററാരെങ്കിലുംമന്ത്രിമാരായാൽഅവരിൽനിന്നുശരിയായ ഒരു വിദ്യാഭ്യാസനയം പ്രതീക്ഷിക്കാൻ മാൎഗ്ഗമില്ല. മദ്രാസ് യൂണിവേഴ്സിററിയുടെ ചാൻസലർസ്ഥാനം നമ്മുടെ മഹാരാജാവു തിരുമേനിക്കു 5 വർഷത്തേക്കു ലഭിച്ചാൽ തന്നെയും നമുക്കെന്തു ഗുണം സിദ്ധിക്കും കൊച്ചിയെക്കൂടി കൂട്ടുപിടിക്കാമെന്നു വിചാരിച്ചാൽ ഇന്നത്തെ പ്രതികൂലമനോഭാവത്തോടുകൂടിയ കൊച്ചി സഹകരിക്കുമോ? തിരുവിതാംകൂറിനും കൊച്ചിയ്ക്കും സൌകൎയ്യമാണ്, അരൂർ ഒരു പാലംകെട്ടുന്നതു്. അതിനുപോലും കൊച്ചി സഹകരിക്കുന്നില്ല. തിരുവിതാംകൂർ ക്ഷേത്രത്തിൽ കൂത്തു നടത്തിയ ഒരു ചാക്യർകൊച്ചിക്ഷേത്രത്തിൽ പ്രവേശിച്ചാൽ ആ ക്ഷേത്രം അശുദ്ധമാകുമത്രെ. ഇതാണ് കൊച്ചിയുടെ മനോഭാവം ഇങ്ങനെ നോക്കിയാൽ തിരുവിതാംകൂർ സൎവ്വകലാശാല വിദ്യാഭ്യാസപരമായ പ്രശ്നത്തിന് മാത്രമല്ലാ സാമ്പത്തികവും രാഷ്ട്രീയവും വ്യക്തിപരവുമായ പരിഗണനയ്ക്കു് വിധേയമാണെന്നു് മനസ്സിലാവും. കുറെപണചിലവും വേണ്ടിവരുന്നതിനാണ് അധികംനികുതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതു്. ഇവയൊക്കെയുള്ളപോലെ മനസ്സിലാകാത്തവരാണ് നമ്മുടെ സൎവ്വകലാശാലാപദ്ധതിയെ പഴിക്കുന്നതു്



സർ. സി. പി. രാമസ്വാമി അയ്യർ.

# വഴിമാറിക്കൊടുക്കണം

(പി. കേശവദേവ്.)

"യുവാക്കന്മാരെ! നിങ്ങൾ (വൃദ്ധരായ) ഞങ്ങളെ ചവിട്ടിത്തള്ളിയിട്ട് മുന്നോട്ട് കുതിച്ചുപായുവിൻ! നിങ്ങൾ ഞങ്ങളേക്കാൾ കൂടുതൽ സുഖമുള്ളവരായി തീരുമാറാകട്ടെ!"—റൊമെയിൻ റോളണ്ട്, ലോകത്തിലെ യുവാക്കന്മാൎക്കു കൊടുക്കുന്ന സന്ദേശമാണിത്.

ഇന്നത്തെ ഉല്പതിഷ്ണുക്കൾ, ഇന്നത്തെ യാഥാസ്ഥിതികന്മാരായിത്തീൎന്ന എന്നുവരാം. അവരുടെ വാൎദ്ധക്യ —അവരുടെ മാനസിക ദൌൎബ്ബല്യം—ആപൽക്കരമായ ഉല്പതിഷ്ണുത്വത്തിൽനിന്ന്, അവരെ പിന്തിരിച്ചു എന്നുവരാം. അങ്ങിനെ സംഭവിക്കുമ്പോൾ—ലോകത്തിന്റെ പുരോഗതിയെ സഹായിക്കുവാൻ തക്കകരുത്തില്ലാതാവുമ്പോൾ—അവർ ഉല്പതിഷ്ണുത്വത്തിനു വഴിമാറിക്കൊടുക്കുകയാണു വേണ്ടതു്. അല്ലെങ്കിൽ, ഉല്പതിഷ്ണുത്വം—പുരോഗമനവാഞ്ഛ—അവരെ പിടിച്ചുമാറ്റുമെന്നുള്ളതു തീൎച്ചയാണ്.

വ്യക്തികൾ ജനിക്കുന്നു, വളരുന്നു, നശിക്കുന്നു. എന്നാൽ മനുഷ്യസമുദായം പൊതുവെ വളൎന്നുകൊണ്ട്—അഭിവൃദ്ധിപ്പെട്ടുകൊണ്ട്— ഇരിക്കുകയാണ്. ഓരോ മനുഷ്യന്റേയും ജനനവും വളൎച്ചയും, മനുഷ്യസമുദായത്തിന്റെ വളൎച്ചയെ സഹായിക്കുന്നുണ്ട്. എന്നാൽ, ഓരോ മനുഷ്യന്റേയും നാശം, മനുഷ്യസമുദായത്തിന് നഷ്ടമായിത്തീരുന്നില്ല. എന്തുകൊണ്ടെന്നാൽ, പുതിയമനുഷ്യർ ജനിക്കുകയും വളരുകയും ചെയ്തുകൊണ്ടിരിക്കുന്നു. അനവധി വിപ്ലവകാരികൾ ലോകത്തിന്റെ പുരോഗതിയെ അത്യധികം സഹായിച്ചിട്ടുണ്ട്; അവരിൽ ചിലർ പ്രതിലോമികളും യാഥാസ്ഥിതികന്മാരും ആയിത്തീൎന്നിട്ടുണ്ട്. ലോകത്തെ പിടിച്ചുനിൎത്തുവാനൊ പിറകോട്ടുകൊണ്ടുപോകുവാനൊ ശ്രമിച്ചിട്ടുണ്ട്. അതുപോലെതന്നെ അനവധി പ്രതിഭാശാലികൾ ലോകത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ അഭിവൃദ്ധിയെ വളരെ അധികം സഹായിച്ചിട്ടുണ്ട്. അവരിൽ പലരും യഥാകാലം നാശമാകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും പുതിയ വിപ്ലവകാരികളും പ്രതിഭാശാലികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നിട്ടും, ലോകം മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കുന്നു. പ്രകൃത്യാ യാഥാസ്ഥിതികന്മാരായിട്ടുള്ളവരും, ഒരുകാലത്തു ഉല്പതിഷ്ണുക്കളായിട്ടു പിന്നീട് യാഥാസ്ഥിതികന്മാരായിത്തീൎന്നവരും, ലോകത്തിന്റെ അനന്തമായ ഈ പുരോഗതിയെ മനസ്സിലാക്കുകയും, തടുക്കുവാൻ സാദ്ധ്യമല്ലാത്ത ആ പുരോഗതിയെ സഹായിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ ഒഴിഞ്ഞുമാറുകയുമാണു വേണ്ടതു്. അവർ അപ്രകാരം വഴിമാറിക്കൊടുക്കേണ്ടതു്, അവരുടെ രക്ഷക്കുതന്നെയും ആവശ്യമാകുന്നു. എന്തുകൊണ്ടെന്നാൽ, സകല പ്രതിബന്ധങ്ങളേയും നിഷ്കരുണം തട്ടിമാറ്റിക്കൊണ്ടാണ് ലോകം മുന്നോട്ടു പോകുന്നതു്. അതുകൊണ്ടാണ്, ബുദ്ധിമാനായ റൊമെയിൻ റോളണ്ട് യുവജനങ്ങൾക്കു വഴിമാറിക്കൊടുക്കുന്നതു്. ലോകത്തിന്റെ പുരോഗമനതത്വം അദ്ദേഹം അറിയുന്നു. മാത്രമല്ല, ലോകത്തിന്റെ പുരോഗതിയെ അദ്ദേഹം ആത്മാൎത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടത്രെ. ബുദ്ധിമാനും ലോകഗുണകാംക്ഷിയും ആയ ആ തത്വചിന്തകൻ യുവജനങ്ങളോടു പറയുന്നതു്. "ഞങ്ങളെ ചവിട്ടി തള്ളിയിട്ട്, മുന്നോട്ടു കുതിച്ചുപായുവിൻ!" എന്ന്.

ചിലരുണ്ട്, അവരുടെ ഉല്പതിഷ്ണുത്വത്തിന്റേയും വിപ്ലവകാരിത്വത്തിന്റേയും ഫലമായി, ജനങ്ങളുടെ നേതൃത്വം ലഭിച്ചവർ. അവർ നേതൃസ്ഥാനത്തെത്തുന്നതോടുകൂടി അവരുടെ ഉല്പതിഷ്ണുത്വവും വിപ്ലവകാരിത്വവും അവസാനിച്ചുപോകുന്നതു്, ഒരുപക്ഷെ അവരും അവരെ നേതാക്കന്മാരാക്കുന്ന ജനങ്ങളും അറിഞ്ഞില്ലെന്നു വരാം. അങ്ങിനെ ഉല്പതിഷ്ണുത്വവും വിപ്ലവകാരിത്വവും നശിച്ച്, വെറും യാഥാസ്ഥിതികന്മാരും പ്രതിലോമികങ്ങളും ആയിത്തീൎന്നിട്ടുള്ള നേതാക്കന്മാരാണ്, ജനങ്ങളുടെ പുരോഗമനതൃഷ്ണയെ തടുക്കുവാൻ വ്യൎത്ഥശ്രമം ചെയ്യുന്നതു്. നേതൃസ്ഥാനം കാമ്യമായ ഒരു പദവിയാകയാൽ, അതിനെ നിലനിൎത്തുവാൻ വേണ്ടി, അവർ ശ്രമം തുടങ്ങുകയായി; അവരെ അതിക്രമിച്ചു ലോകം മുന്നോട്ടു പോകാതിരിക്കുവാൻ, അവർ തീവ്രയത്നം ചെയ്യുകയായി ലോകസേവനം ചെയ്യണമെന്നുള്ള നിസ്വാൎത്ഥമായ ആഗ്രഹത്തിന്റെ സ്ഥാനത്തു്, നേതൃത്വം നിലനിൎത്തണമെന്നുള്ള സ്വാൎത്ഥപരമായ ആഗ്രഹം കടന്നുകൂടും. ലോകത്തിന്റെ പുരോഗതിയെ സഹായിക്കേണമെന്നുള്ള ആദൎശത്തിന്റെ സ്ഥാനത്തു്, നേതൃത്വസംരക്ഷണത്തിനുവേണ്ടി ലോകത്തെ പിടിച്ചു നിറുത്തുക എന്നൊരാദൎശം കടന്നുകൂടും. ഇതിന്റെയൊക്കെ ഫലമെന്താണ്? നേതാക്കന്മാർ യാഥാസ്ഥിതികന്മാരും പ്രതിലോമികളും ആണെന്ന് ജനങ്ങൾ എപ്പോൾ മനസ്സിലാക്കുന്നുവോ, അപ്പോൾ അവരുടെ നേതൃത്വത്തിനു ഹാനിസംഭവിക്കും. മാത്രമല്ല, പൊതുജനദൃഷ്ടിയിൽ അവർ വഞ്ചകന്മാരും സ്വാൎത്ഥികളും ആയിത്തീരുകയും ചെയ്യും.

ഉല്പതിഷ്ണുക്കളും വിപ്ലവകാരികളുമായ മറ്റൊരു കൂട്ടരുണ്ട്— റൊമെയിൻറോളണ്ടിനെപ്പോലുള്ളവർ. അവർ എന്നും ഉല്പതിഷ്ണുക്കളും വിപ്ലവകാരികളും തന്നെ. അവരുടെ ഉല്പതിഷ്ണുത്വത്തിനും വിപ്ലവകാരിത്വത്തിനും അല്പം ശക്തിപോരെന്നു കണ്ടാലുടൻ, ലോകത്തിന്റെ പുരോഗതിയെ തടയുവാൻ നില്ക്കാതെ, ഒഴിഞ്ഞു മാറിക്കൊടുക്കും. മാത്രമല്ല, ഊൎജ്ജസ്വലരായ ഉല്പതിഷ്ണുക്കളേയും വിപ്ലവകാരികളേയും പ്രേരിപ്പിക്കുകയും ചെയ്യും. അവരുടെ വിചാരങ്ങളുടേയും പ്രവൃത്തികളുടേയും ഉദ്ദേശം, നേതാവാകണമെന്നുള്ളതല്ല. അവർ നേതൃത്വം എടുത്താൽതന്നെയും, അതു് ലോകത്തിന്റെ പുരോഗതിയെ ത്വരിതപ്പെടുത്തുവാൻ മാത്രമായിരിക്കും. അതായതു് നേതൃത്വപദവി, അവരെ വ്യാമോഹിപ്പിക്കുവാൻ പൎയ്യാപ്തമാവുകയില്ല. ഇത്തരം നേതാക്കന്മാരെ, നേതാക്കന്മാരായി കിട്ടുന്നില്ലെന്നുള്ളതാണ് ലോകത്തിന്റെ ഏറ്റവും വലിയ നിൎഭാഗ്യം. അതിനുപകരം, നേതൃത്വത്തെ നിലനിൎത്തുവാൻവേണ്ടി ലോകത്തിന്റെ പുരോഗതിയെ തടയുന്ന പ്രതിലോമികളാണ് ജനങ്ങളുടെ നേതൃത്വം വഹിക്കുന്നതു്. ലോകത്തിന്റെ അഭിവൃദ്ധിയിൽ കാംക്ഷയുള്ളവരെല്ലാം ഇത്തരം നേതാക്കന്മാരോട് ഒരേ സ്വരത്തിൽ പറയണം, "വഴിമാറിക്കൊടുക്കുക" എന്ന്.



മി: സത്യമൂൎത്തി.

മൈസൂറിലെ ഒരുമാസത്തെ താമസത്തിനുശേഷം മി. എസ്. സത്യമൂൎത്തി മദ്രാസിൽ തിരിച്ചെത്തിയിരിക്കുന്നു. അദ്ദേഹത്തിനു പഴയ ആരോഗ്യം ലഭിച്ചിട്ടില്ല എങ്കിലും ഈ മാസം മദ്ധ്യത്തിൽ സിംലായ്ക്കു പോകുന്നതിനു മുമ്പുതന്നെ രണ്ടുമൂന്നു പൊതു യോഗങ്ങളിൽ സംബന്ധിക്കുമെന്നറിയുന്നു

# ധാതുബലത്തിന്

അടിയിൽ കാണിച്ചിരിക്കുന്ന ചിത്രത്തിൽ കാണിച്ചിരിക്കുന്നപ്രകാരം മനുഷ്യ ശരീരത്തിന്ന് പല പ്രധാന ഭാഗങ്ങൾ ഉണ്ട്. ഈ ഭാഗങ്ങളിൽക്കൂടിയാണ് ജീവശക്തിയെ ദേഹത്തിൻെറ നാനാഭാഗങ്ങളിലേക്കും വിതരണം ചെയ്യുന്നതു്.

## ദേഹത്തിൻെറ പ്രധാനഭാഗങ്ങൾ




# ഒക്കാസ

1. വളർച്ചയേയും മററുള്ള ഗ്രന്ഥികളുടെ ശക്തിയേയും നിയന്ത്രിക്കുന്നു.
2. ശ്വാസേന്ദ്രിയങ്ങളുടേയും, രക്തവാഹികളുടേയും പ്രവൎത്തനത്തെ ഭരിക്കുന്നു
3. അസ്ഥികൾക്കു വളച്ച്, ശക്തി ഇവ ഉണ്ടാക്കുന്നു.
4. രക്തസ്പന്ദനത്തെ ശരിയായി നിലനിത്തുന്നു.
5. ആഹാരാദികളെ പോഷകയോഗ്യമാക്കിദേഹത്തിൽ ഓജസ്സിനെവദ്ധിപ്പിക്കുന്നു.
6. ജനനേന്ദ്രിയങ്ങളെ പോഷിപ്പിച്ചു ധാതുശക്തി ബലപ്പെടുത്തുന്നു.

## ഒക്കാസ

## ഡോക്ടർ ലഹ്മസൻെറ കണ്ടുപിടുത്തം

ഹോർമോൺസ് തീയറി അനുസരിച്ച് ബെർലിൻ സൎവ്വകലാശാലയിലെ പ്രസിദ്ധ ശാസ്ത്രജ്ഞനായ ഡോക്ടർ ലഹ്മസൻ എം. ഡി. യാൽ ഹോർമോൺസ് അടങ്ങിയ "ഒക്കാസ" കണ്ടുപിടിച്ചു.

## ഒക്കാസയുടെ ഗുണങ്ങൾ

യൌവ്വനത്തെ നശിപ്പിക്കാതെ സൂക്ഷിക്കുന്നു. ദേഹത്തുള്ള ഞൊറിച്ചിൽ ഇല്ലാതാക്കുന്നു. നരയെ മാററുന്നു. നശിച്ചുപോയ ആരോഗ്യത്തെ വീണ്ടെടുക്കുന്നു. ഓർമ്മശക്തിയേയും തലച്ചോറിൻെറ ശക്തിയേയും വർദ്ധിപ്പിക്കുന്നു.

## ശരിയായ ഫലപ്രാപ്തി

ഒക്കാസ ഉപയോഗിച്ചതിൽ ഉള്ള ഫലപ്രാപ്തി നിമിത്തം ഒക്കാസായ്ക്കു് ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

"ഗ്രാൻറ് പ്രിക്സ്" സ്വർണ്ണമെഡൽ പാരീസ് 1928.

"ക്രാസ് ഓഫ് മെറിററ്" സ്വർണ്ണമെഡൽ ഫ്ളോറൻസ് 1929.

"ഡിപ്ളോമ ഓഫ് ഡിസ്റ്റിങ്ങ്ഷൻ" സ്വർണ്ണമെഡൽ ലണ്ടൻ 1932.

**ഇന്നുമുതൽ ഒക്കാസ ഉപയോഗിച്ചു ശരീരശക്തിയുള്ളവരായിത്തീരുക**

നിങ്ങളുടെ കച്ചവടക്കാരിൽനിന്നു വാങ്ങുക അല്ലെങ്കിൽ താഴെക്കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

OKASA CO., Berlin (India) Ltd., 12, Rampart Row,
FORT, P. O. BOX NO. 396, BOMBAY.

## വിഷയവിവരം


| | പേജ് |
|---|---|
| വസന്തം വരുമ്പോൾ | 3 |
| ഖുറാനിലേക്കും സുന്നത്തിലേക്കും മടങ്ങുക | 4 |
| ഇൻഡ്യയിലെ അപകടസ്ഥാനങ്ങൾ | 5 |
| വഴിമാറിക്കൊടുക്കണം | 6 |
| മുഖപ്രസംഗം | 8 |
| മുസ്ലിംലോകം | 9 |
| ആധുനികതരുണി | 10 |
| നബിയുടെ സ്വഭാവ വൈശിഷ്ട്യങ്ങൾ | 11 |
| കൌതുകരംഗം | 12 |
| വാരവൃത്താന്തസംഗ്രഹം | 13 |
| ഡാക്ടർ കമാൽ വളപട്ടണത്ത് | 14- 15 |


പ്രകാശം

1112 മിഥുനം 20

# അവർ എന്തു ചെയ്യും?

ഈ അടുത്തകാലത്ത് ഈ പംക്തികളിൽ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നതുപോലെ—ഇന്നാട്ടിലെ പൊതുജന പ്രാതിനിധ്യം വഹിക്കുന്ന പത്രങ്ങളും സ്ഥാപനങ്ങളും ആവശ്യപ്പെട്ടിരുന്നതുപോലെ—ഭരണ പരിഷ്കാരത്തിന്റെ നാന്ദിയായ കൊച്ചിയിലെ വോട്ടവകാശ പരിഷ്കാരത്തെപ്പറ്റി പര്യാലോചിച്ചു സെപ്തംബർ മാസം 15-ാം നു-ക്കുള്ളിൽ റിപ്പോർട്ടു സമർപ്പിക്കണമെന്നുള്ള വ്യവസ്ഥയോടുകൂടി മി. എൻ. ആർ സഹസ്രനാമയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു ഫ്രാൻചൈസുകമ്മററിയെ നിയമിച്ചു കാണുന്നതിൽ ഞങ്ങൾ ദിവാൻ സർ ഷൺമുഖത്തെ ഹാർദ്ദവമായി അഭിനന്ദിച്ചുകൊള്ളുന്നു. ഏതൽപരിഷ്കാരത്തിനു ഇന്നാട്ടുകാർ മുറവിളികൂട്ടുവാൻ തുടങ്ങിയിട്ടു കൊല്ലങ്ങൾ തെല്ലായി. ഇതിനു മുൻപുള്ള ദിവാൻജിമാർ ഈ വിഷയത്തിൽ മൌനം അവലംബിച്ചുകഴിക്കുകയാണ് ചെയ്തത്.

ഫ്രാൻചൈസ് കമ്മററിയുടെ അന്വേഷണപരിധി ചില നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമാണെന്നു കേൾക്കുന്നതു വാസ്തവമാണെങ്കിൽ തികച്ചും നിർഭാഗ്യമാണ്. സ്കൂൾഫൈനൽ പരീക്ഷായോഗ്യതയുള്ളവർക്കും, ഒരുറുപ്പിക കരമൊടുക്കുന്ന യോഗ്യതയുള്ളവർക്കും വോട്ടവകാശം നൾകണമെന്നുള്ളതാണ് ഗവർമ്മെണ്ടിന്റെ അഭിപ്രായമെന്നു കേൾക്കുന്നതു വാസ്തവമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ആ നിലയിൽ ഒരു പരിഷ്കാരം ഈ കാലത്തു ഈ രാജ്യത്തു വരുത്തുവാൻ വലിയ അന്വേഷണങ്ങളുടെയെല്ലാം ആവശ്യമുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. അയൽരാജ്യമായ തിരുവിതാംകൂറിൽ ആ നിലയിൽ ഒരു പരിഷ്കാരം വരുത്തിയിട്ടു ഒരപകടവും ഉണ്ടായതായി അറിയുന്നില്ല.

കൊച്ചിയുടെ ഇന്നത്തെ ആവശ്യം പ്രായപൂർത്തി വോട്ടവകാശമാണ്. പ്രായപൂർത്തി വോട്ടവകാശം പ്രായോഗികമാക്കുവാൻ കൊച്ചിയെക്കാൾ അനുയോജ്യമായ ഒരു രാജ്യം വേറെയുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ബ്രിട്ടീഷ് ഇൻഡ്യയെപ്പററി സൈമൺ കമ്മീഷൻ ഭയപ്പെടുന്ന യാതൊരു കാരണങ്ങളും കൊച്ചിക്കു ബാധകമല്ല: ഇവിടെ ജനസംഖ്യ ചുരുക്കം. വിദ്യാഭ്യാസത്തിലും പൌരബോധത്തിലും ഏററവും മുന്നണിയിൽ നില്ക്കുന്ന ജനത. പ്രായപൂർത്തിവോട്ടവകാശം സിലോണിൽ നടപ്പാക്കുന്ന കാലത്തു അവിടെ ഉണ്ടായിരുന്നതിനേക്കാൾ അനുകൂല്യങ്ങളും, ആശാസ്യങ്ങളും ആയ സാഹചര്യങ്ങൾ ഇന്നത്തെ കൊച്ചിക്കുണ്ട്. ഏററവും ശുഭപ്രതീക്ഷയോടുകൂടി പ്രായപൂർത്തി വോട്ടവകാശയോഗ്യത പ്രായോഗികമാക്കി ഈ രാജ്യവാസികൾ അതിന്റെ മധുരഫലങ്ങൾ അനുഭവിക്കുന്ന കാഴ്ചകാണുവാൻ സർ ഷൺമുഖത്തിനു ലഭിച്ച അനന്യ സാധാരണമായ ഒരവസരമാണിതെന്ന പരമാർത്ഥം ഒരിക്കൽകൂടി ഞങ്ങൾ ദിവാൻജിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സഹസ്രനാമയ്യർ കമ്മററി ഇന്നാട്ടിലെ വിവിധസമുദായങ്ങളുടേയും താല്പര്യങ്ങളെ അവഗാഢപൂർവ്വം പരിഗണിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ രാജ്യത്തിലെ മുസ്ലീങ്ങൾ, തീയ്യർ, അരയർ, പുലയർ, ലാററിൻ ക്രിസ്ത്യാനികൾ എന്നീജാതിക്കാർ പൊതുവെ നിയമസഭാ പ്രാതിനിധ്യക്കാര്യത്തിൽ വളരെ അസഹ്യതകൾ അനുഭവിക്കുന്നവരാണ്. എല്ലാ സമുദായങ്ങൾക്കും അവരർഹിക്കുന്ന പ്രാതിനിധ്യയോഗ്യത അനുവദിച്ചു കൊടുക്കുന്ന വിശാല മനോഭാവം കമ്മററി അനുവർത്തിച്ചു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ജനാധിപത്യ സംപ്രദായത്തെ മലിനപ്പെടുത്തുന്ന നോമിനേഷൻ ഏർപ്പാടു നിശ്ശേഷം നീക്കി അവശസമുദായങ്ങൾക്കു പ്രത്യേക നിയോജകമണ്ഡലങ്ങൾ വഴിയോ, പൊതുനിയോജമണ്ഡലങ്ങളിൽ റിസർവേഷൻ മൂലമോ പ്രാതിനിധ്യ നൾകുവാൻ കമ്മററി ശ്രദ്ധിക്കണം.

ഈ രാജ്യത്തു ആശാസ്യമായ നിലയിൽ വളൎന്നു ശക്തിപെട്ടു വരുന്ന തൊഴിലാളി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുമാറ് തൊഴിലാളികളുടെ താല്പര്യങ്ങളെ സംരക്ഷിക്കുമാറ്, അവരർഹിക്കുന്ന പ്രാതിനിധ്യം തൊഴിലാളികൾക്കു കൊടുക്കുവാൻകമ്മററി മടിക്കുന്നത് ബുദ്ധിപൂർവ്വമായിരിക്കുകയില്ല. നിയമസഭാപരിഷ്കാരകാര്യത്തിൽ തിരുവിതാംകൂറിൽ ചില സ്വാർത്ഥമൂർത്തികൾ വരുത്തിവെച്ച വിപത്ത് ഇവിടെ ആവർത്തിക്കാതിരിക്കുവാൻ മി. സഹസ്രനാമയ്യരും, അദ്ദേഹത്തിന്റെ സഖാക്കളും ജാഗ്രതയായി സൂക്ഷിക്കുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു. സഹസ്രനാമയ്യർ കമ്മററിയിലെ യാഥാസ്ഥിതികഭൂരിപക്ഷശബ്ദം ഉല്പതിഷ്ണു ന്യൂനപക്ഷത്തിന്റെ അവകാശവാദങ്ങളെ അമർത്തുകയില്ലെന്നുള്ള പ്രതീക്ഷയോടുകൂടി അവർ എന്തുചെയ്യുമെന്നറിയുവാൻ ഞങ്ങൾ കാത്തിരിക്കുന്നു.

## കുറിപ്പുകൾ

### മാതൃകാവിവാഹം

കണ്ണൂർരാജാ ആലിജനാബ് സുൽത്താൻ അബ്ദുറഹിമാൻ ആലിരാജാ അവർകളുടെ പുത്രിയും അറയ്ക്കൽ സ്വരൂപത്തിലെ ഒരു പ്രധാന അംഗവും ഉല്പതിഷ്ണുവും, സമുദായ സ്നേഹിയുമായ ജനാബ് ആദിരാജാ അബ്ദുൾകാദിർ അവർകളും തമ്മിലുള്ള വിവാഹം ഈ കഴിഞ്ഞ 24-ാം നു- വ്യാഴാഴ്ച, വളരെ സമുദായ സ്നേഹികളുടേയും, പ്രമാണികളുടേയും സാന്നിദ്ധ്യത്തിൽ ഏററവും ഭംഗിയായി കഴിഞ്ഞിരിക്കുന്നു. വിവാഹാദി അടിയന്തിരാഘോഷങ്ങൾക്കു മുസ്ലിങ്ങൾ സാമാന്യേന ചെയ്തുവരാറുള്ള യാതൊരു പാഴ്ചിലവും ദുരാചാരങ്ങളും കൂടാതെയാണ് ഈ വിവാഹം കഴിഞ്ഞുവെന്നുള്ളതു സമുദായസ്നേഹികളെ സന്തോഷിപ്പിക്കുകതന്നെ ചെയ്യും. വരന്റെ വേഷവിധാനങ്ങൾ ലളിതവും; സുന്ദരവും ആയിരുന്നു. അതിഥികളെ സ്വീകരിക്കുന്നതിലും, യഥോചിതം സൽക്കരിക്കുന്നതിലും, സുൽത്താൻ അവർകളും, ആദിരാജാ ഹുസൈയിൻ അവർകളും വലിയ ഇളയ അവർകളും മററും അതീവശ്രദ്ധ കാണിച്ചിരുന്നു. ധനപതികളും, കുലപതികളും ആയ ഇവരുടെ മാതൃക,സമുദായം പൊതുവെ അംഗീകരിക്കുന്നതു സർവ്വപ്രകാരേണ ആശാസ്യമായിരിക്കും.

ഈ നവദമ്പതികൾ സമുദായ ശുശ്രൂഷചെയ്തുകൊണ്ടും, പരിപൂർണ്ണദാമ്പത്യ സുഖം അനുഭവിച്ചുകൊണ്ടും ദീർഘകാലം ആരോഗ്യത്തോടുകൂടി ജീവിക്കുവാൻ സർവ്വശക്തനായ അല്ലാഹു അനുഗ്രഹിക്കട്ടെ!

### പരേതനായ പള്ളിക്കുട്ടി ബാവാമൂപ്പൻ അവർകൾ

ബ്രിട്ടീഷ്കൊച്ചിയിലെ ഒരു ധനാഢ്യനും, സമുദായസ്നേഹിയും, ആയിരുന്ന ജനാബ് പള്ളിക്കുട്ടി ബാവാമൂപ്പൻ അവർകൾ നിര്യാതനായിരിക്കുന്ന വർത്തമാനം ഞങ്ങളെ നിതരാം വ്യസനിപ്പിക്കുന്നു. ഇദ്ദേഹം ഏററവും താണനിലയിൽനിന്നു നിരന്തരമായി പരിശ്രമിച്ചുയൎന്നു വന്ന ഒരുമാന്യദേഹമാണ്. ബ്രിട്ടീഷ്കൊച്ചി മുൻസിപ്പാലിററിയിലെ ഒരു കൌൺസിലറായും, മററും ദീർഘകാലം പൊതുജനസേവനം ചെയ്യുവാൻ ഇദ്ദേഹത്തിനു അവസരം ലഭിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വകയായി ഒരു മദ്രസ്സാ ഇടപ്പള്ളിയിൽ സ്ഥാപിച്ചു നടത്തിവരുന്നു. മരിക്കുന്ന അവസരത്തിൽ മി. ബാവാമൂപ്പൻ വെസ്ററു കോസ്ററു ബേങ്കിന്റെ മാനേജിംഗ് ഡയറക്ടരായിരുന്നു പരേതന്റെ ആത്മാവിനു നിത്യശാന്തി നൾകുവാൻ ഞങ്ങൾ പരമകാരുണികനായ അല്ലാഹുവിനോട്, പ്രാർത്ഥിക്കുകയും, കുഡുംബാംഗങ്ങളോടുഅനുശോചിക്കുകയും ചെയ്തുകൊള്ളുന്നു.

# മുസ്ലിം ലോകം.

## തുർക്കി

തുർക്കി ഗവർമ്മെണ്ടിന്നു ജൂൺ 1-ാംതിയ്യതി മുതലുള്ള സാമ്പത്തിക വർഷത്തിലേക്കു ഉള്ള ബഡ്ജററ് പാസ്സാക്കിയിരിക്കുന്നു. വരവും ചിലവും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വളരെ ആശാസ്യമായിരിക്കുന്നു. നൂതനങ്ങളും ജനക്ഷേമകരങ്ങളുമായ പല പദ്ധതികളും നടപ്പിലാക്കുവാൻ ഗവർമ്മെണ്ടിനു കഴിഞ്ഞിട്ടുണ്ട്

x x x x

തുർക്കിയിൽ ഗവർമ്മെണ്ടിന്നെതിരായി ഒരു പ്രക്ഷോഭണം നടന്നതായി ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നുവല്ലോ. ഗവർമ്മെണ്ടിൻെറ പരിഷ്കാര പദ്ധതികളെ എതിർക്കുന്ന ഒരു കൂട്ടക്കാരിൽനിന്നാണ് ഈ എതിർപ്പ് ഉണ്ടായിട്ടുള്ളത്. അതിനെ ഇപ്പോൾ പരിപൂർണ്ണമായും അമർത്തിയിരിക്കുന്നു. ഈ സംഘട്ടനത്തിൽ ജനവിഭാഗത്തിൽ നിന്നു 25 പേർ കൊല്ലപ്പെടുകയും ആയിരംപേർ മുറിവേല്ക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഗവമ്മെൻറു ഭാഗത്താകട്ടെ 13 പേർ കൊല്ലപ്പെടുകയും 18 പേർ മുറിവേല്ക്കപ്പെടുകയും ചെയ്തിരിക്കുന്നു.

x x x x

വർത്തമാനക്കടലാസിൻെറ വില ക്രമാതീതമായി വർദ്ധിച്ചതിനെ തടയുന്നതിന്നായി തുർക്കി ഗവർമ്മെണ്ട് ഏറക്കുമതി ചുങ്കം വളരെ കുറച്ചിരിക്കുന്നു. ഇതുനിമിത്തം വർത്തമാനപത്രങ്ങൾക്കും സ്കൂൾ ആവശ്യത്തിന്നുള്ള കടലാസ്സുകൾക്കും ആദായം ലഭിക്കുന്നതാണ്. എന്നാൽ ഇന്ത്യാ ഗവർമ്മെണ്ട് ഇന്നും ഈ വിഷയം ആലോചിച്ചു കഴിക്കുകയാണ്.

x x x x

അംങ്കോറ മുൻസിപ്പാലിററി പട്ടണം ശാന്തവും സുന്ദരവുംകൂടി ആക്കിത്തീർക്കുവാൻ ഉതകുന്ന ഒരു നിയമം നടപ്പാക്കിയിരിക്കുന്നു. ഇതുനിമിത്തം പൊതു നിരത്തുകളിൽ ശബ്ദം ഉണ്ടാക്കുക, അലക്ഷ്യമായി പെരുമാറുക, ഇവ ചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കുന്നതാകും. ഈ നിയമത്തിൻെറ വ്യാപ്തി കൂടുതൽ വിസ്തൃതമാണ്. പരസ്യമായി സത്യം ചെയ്യുക, വിശ്രമവേളയിൽ വീട്ടിലോ പുറമോ ശബ്ദമുണ്ടാക്കുക, റേഡിയോ ഗ്രാമഫോൺ മുതലായവ ഉപയോഗിക്കുക, അസന്മാർഗ്ഗികമായ നടവടിയിൽ ഇടപെടുക, ചപ്പു ചവറും റോട്ടിമേലെക്കെറിയുക, പൊതുനിരത്തുകളിൽ തുപ്പുക മുതലായവയെല്ലാം തടയപ്പെട്ടിരിക്കുന്നു. രാത്രി 8 മണിമുതൽ കാലത്ത് എട്ടുമണിവരെ മോട്ടോർ വാഹനങ്ങൾ ഹോൺ അടിക്കുവാൻ പാടില്ലാത്തതാകുന്നു.

x x x x

## പാലസ്തീൻ

പാലസ്റ്റീൻെറ വിഭജനത്തിൽ അറബികൾ അനുകൂലിക്കുന്നു എന്നുള്ള അടിസ്ഥാനരഹിതമായ കിംവദന്തിയെ പ്രതിഷേധിച്ചുകൊണ്ട് അറേബ്യൻ സുപ്രീം കമ്മററി ഒരു ചുരുങ്ങിയ പ്രസ്താവന പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പാലസ്റ്റൈനിലെ ഒരു ചതുരവാര സ്ഥലം പോലും അറബികൾ അല്ലാത്തവർക്കു വിശേഷിച്ചു യഹൂദന്മാർക്കു കൊടുക്കുന്നതല്ലെന്നും അറബികളെ അതൃപ്തിപ്പെടുത്തുന്ന ഏതു തീരുമാനത്തേയും സമസ്ത മുസ്ലിംലോകം പ്രതിഷേധിക്കുന്നതാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

x x x x

## യമനിലെ ഇമാമിൻെറ കത്ത്

പലസ്തീനിലെ ഗ്രാണ്ട് മുഫ്തിക്കു

ജറൂസലം:

പാലസ്തീൻ പ്രശ്നത്തെ സംബന്ധിച്ചു യമനിലെ ഇമാമിൽനിന്നും പലസ്തീൻ അറബ് ഹയർകമ്മററിയുടെ പ്രസിഡണ്ടായ ഗ്രാണ്ട് മുഫ്തി അവർകൾക്കു ദീർഘമായ ഒരു കത്തു കിട്ടിയിരിക്കുന്നതായി "പലസ്തീൻ & ട്രാൻസ് ജോർഡൻ" എന്ന പത്രം പറയുന്നു. പലസ്തീനിലെ അറബികളെ സംബന്ധിച്ചു തനിക്കുള്ള ഉൽക്കണ്ഠ പ്രസ്തുത കത്തിൽ ഇമാം പ്രകാശിപ്പിക്കുകയും, അറബികളുടെ ആവശ്യങ്ങളെ സംബന്ധിച്ചു നീതിലഭിക്കുവാൻ തന്നാൽ കഴിയുന്നതൊക്കെ താൻ ചെയ്യുമെന്നു ഇമാം വാഗ്ദത്തം ചെയ്യുന്നു.

x x x x

## പലസ്തീനിലെ അറബി നേതാവ് ദിംശഖിൽ


ഡമസ്കസ്സ്:

ദൽകറം ജില്ലയിലെ അറബ് നേതാവായ സലിം ബേ അബ്ദുർറഹ്മാൻ ബഗ്ദാദിൽനിന്നു ഡമസ്കസ്സിൽ എത്തിയിരിക്കുന്നു. തടങ്ങലിൽ പാർപ്പിക്കപ്പെട്ടിരിക്കുന്നതിന്നു പലസ്തീനിൽനിന്നും രക്ഷപ്രാപിച്ച സലിം ബേ ഒരു കൊല്ലക്കാലത്തോളം ബഗ്ദാദിൽ കഴിച്ചുകൂട്ടി.

---

## വർഗ്ഗീയതയെ ഉച്ചാടനം ചെയ്വാൻ

### പഞ്ചാബിലെ പരിശ്രമം.



പഞ്ചാബിലെ പ്രധാന മന്ത്രി.
സർ. സിക്കന്തർ ഹയത് ഖാൻ

പഞ്ചാബിലെ പ്രധാനമന്ത്രി വിളിച്ചു കൂട്ടിയതും ഹിന്തുമുസ്ലിംസിക്കു സമുദായങ്ങളിലെ നേതാക്കന്മാരടങ്ങിയതുമായ ഒരു യോഗത്തിൽവെച്ചു വർഗ്ഗീയമായ അനിഷ്ട സംഭവങ്ങളെ പരിഹരിക്കാൻ സംസ്ഥാനത്തിലെ ജനങ്ങളോടും പത്രങ്ങളോടും ഭരണത്തോടും അഭ്യർത്ഥിക്കുന്നതിന്നു തീരുമാനിച്ചിരിക്കുന്നു. സമുദായിക സന്മനോഭാവത്തിനും ഐക്യത്തിനും ഹാനികരമായ യാതൊന്നിനേയും പ്രോത്സാഹിപ്പിക്കരുതെന്നാണു പ്രധാനമന്ത്രിയുടെ അപേക്ഷ. യോഗം ഇതിനെ സർവ്വാത്മനാ അനുകൂലിച്ചു. സാമുദായികമായ എന്തെങ്കിലും ദ്വേഷമുണ്ടെന്നു കാണുമ്പോൾ അതിനെ ഇല്ലായ്മ ചെയ്യുവാൻ ഉദ്യോഗസ്ഥന്മാരുടെ സഹായമഭ്യർത്ഥിക്കുന്നതിന് വിവിധ സമുദായങ്ങളുടെ പ്രാതിനിദ്ധ്യമുള്ള സംസ്ഥാന ബോർഡ്കളും ഡിവിഷനൽ ബോർഡ്കളും സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തെയും സ്വീകരിക്കുകയുണ്ടായി. യോഗനടപടികളെ ഉൽഘാടനം ചെയ്തുകൊണ്ടു പ്രധാനമന്ത്രി പറഞ്ഞതു ഗവണ്മെൻറിനു വേണ്ടിയും സഹപ്രവർത്തകന്മാരുടെ സഹകരണത്തോടുകൂടിയും ഉദ്യോഗസ്ഥന്മാരെയും അനുദ്യോഗസ്ഥന്മാരെയും അറിയിക്കുവാൻ താൻ വിചാരിക്കുന്നതു വർഗ്ഗീയ വിഷമതകളും വർഗ്ഗീയ കലഹങ്ങളുമുണ്ടാക്കുന്നവർ വലിയവരൊ ചെറിയവരൊ ആരായിരുന്നാലും അവർ പഞ്ചാബിൻെറ ശത്രുക്കളാണെന്നും തൻമൂലം ജനങ്ങളുടെ ഇച്ഛയോടുകൂടി രൂപവൽക്കരിച്ചിരിക്കുന്ന പഞ്ചാബ് ഗവണ്മെൻറിൻെറ ശത്രുക്കളുമാണെന്നുമാണ്.

---

ചെറുകഥ.

# ആ വീര തരുണി

(പി. എം. ഷംസുദ്ദീൻ, വിദ്യാർത്ഥി, എടവാ.)

'മലമൂഷിക'നെന്ന് മാനവലോകത്ത് പ്രസിദ്ധനായ ശിവാജി തൻെറ അഭിസരരൊന്നിച്ച് മേലും കീഴും മുമ്പും പിൻപും നോക്കാതെ ഏതു മുസ്ലിം കേന്ദ്രങ്ങളിലും കൊലയും, കൊള്ളയും, കൊള്ളിവയ്പു മായി ചുററിനടക്കുന്നകാലം! ഏതൊരു മുസ്ലിമിനേയും എവിടെവച്ചു കണ്ടാലും അവിടെവച്ചുതന്നെ 'സിദ്ധിപൂകി'ക്കണമെന്ന് തൻെറ ആളുകൾക്ക് 'സുഗ്രീവാജ്ഞ' കൊടുത്തിരിക്കുകയാണ് ശിവാജി. സ്വരക്ഷയെ പാലിക്കുവാൻ നിർബന്ധിതമായ ഈ ഘട്ടത്തിൽ ഇസ്ലാമികരക്തം തിളച്ചുപൊങ്ങി. അവർ ഭീകരമായ 'മഹാരാഷ്ട്ര' സേനയോടു പൊരുതുനില്ക്കാൻ ശക്തരല്ലെങ്കിലും പടകണ്ട വേലുത്തമ്പിയെപ്പോലെ ഭയന്നോടി സ്വയംകുത്തിമരിച്ച് ഭീരുക്കളാകാതെ മരിക്കുവോളം പോർക്കളത്തിൽ പൊരുതു വീരസ്വർഗ്ഗം പ്രാപിക്കാൻതന്നെ നിശ്ചയിച്ചു.

രാത്രി അതിൻെറ മദ്ധ്യയാമത്തിൽ എത്തിക്കഴിഞ്ഞു. ചേമാരിയുടെ സമാപ്തിയോടുകൂടി വീണ്ടും വിഹായസ്സിൽ മിന്നൽപിണറുകൾ പ്രത്യക്ഷപ്പെട്ടു. ആരെയും ഭയവിഹ്വലരാക്കുമാറ് ഇടിമുഴങ്ങുന്നുണ്ട്. ശശാങ്കനേയോ, താരാഗണങ്ങളേയോ കാണ്മാനില്ല.

"............;പാഴ്മാവാന്യപ്പ'മ്പു വാതുറന്നയ്യോ പാരം വാനവും വാഴുങ്ങുന്നു". രാത്രിഞ്ചരന്മാരായ നീചജനങ്ങൾക്ക് അവരുടെ ദുഷ്പ്രവൃത്തികൾ നിർവിഘ്നം നടത്തുന്നതിനു പററിയ അവസരം!

ഇതാ, ആ കൂരിരുട്ടിൽകൂടി ഒരുകൂട്ടം ആളുകൾ ത്വരിതഗമനം ചെയ്യുന്നു.
ഇവർ ആരായിരിക്കാം?

ശിവാജിയുടെ വിശ്വസ്തമിത്രമായ 'പാണ്ഡോജിഗോപിനാഥൻ'ം അനുചരരും അല്ലാതെ മററാരുമല്ല. 'കല്യാണപുര'ത്തുള്ള ഒരു എളിയ മുസ്ലിം ഗൃഹത്തിലെ നായകിയായ ഒരു 'സൌന്ദര്യറാണി'യെ അപഹരിക്കാൻ 'പ്രതാപഘട'യിൽനിന്നും പുറപ്പെട്ടിരിക്കയാണിവർ.........................

ഈ ഘോരരാത്രിയിൽ 'കല്യാണപുര'ത്തെ പ്രധാന രാജവീഥിയുടെ ദക്ഷിണഭാഗത്തായി സ്ഥിതിചെയ്യുന്ന ആ മുസ്ലിം ഗൃഹം അതിലെ മൂന്ന് അംഗങ്ങളോടുകൂടി സുഷുപ്തിയിൽ ലീനമായിരിക്കയാണ്.

നാം മുമ്പേകണ്ട ആളുകൾ ആ വീട്ടിൻെറ ഉമ്മറത്ത് എത്തിക്കഴിഞ്ഞു. അവരുടെ നായകൻ ഏതാനും കിങ്കരരോടൊത്ത് ഗൃഹത്തിനുള്ളിൽകയറി ആ തരുണീമണിയെ തെരഞ്ഞുതുടങ്ങി. അവളുടെ സഹോദരൻ ഈ കോലാഹലംകേട്ട് പെട്ടെന്നുണർന്നു. കാര്യം മനസ്സിലാക്കി അദ്ദേഹം ഖഡ്ഗപാണിയായി രാത്രിയിൽ കൊള്ളയ്ക്കുവന്ന കൊടുംക്രൂരരായ ആ കണ്ടകന്മാരുടെ മുമ്പിൽ കുതിച്ചുചാടി പൊരുതാൻ തുടങ്ങി. ആ വീരൻ ഒററയ്ക്കുനിന്നെതിർത്ത് പല മഹാരാഷ്ട്രവീരന്മാരെയും നിലംപതിപ്പിച്ചു. ബഹളംകേട്ട് അദ്ദേഹത്തിൻെറ സഹോദരിയും അമ്മയുമുണർന്നു. പരിതസ്ഥിതികൾ മനസ്സിലാക്കിയ സഹോദരി—ആ സൌന്ദര്യധാമം—ആ വീരതരുണി—വാളും പരിചയുമെടുത്ത് സഹോദരസഹായത്തിനായി പോർക്കളത്തിലിറങ്ങി പൊരുതാൻ തുടങ്ങി.

തക്കംനോക്കി ഒരു മഹാരാഷ്ട്രവീരൻ "കായബലമെന്നല്ല, കൺകാഴ്ചയുംതീരെവിട്ടിരുന്ന" ആ 'കല്യാണാംഗി'യെ—എന്തു സംഭവിച്ചു എന്നറിയാതുഴലുന്ന ആ വൃദ്ധമാതാവിനെ—നിഗ്രഹിച്ചു. നോക്കണേ, വീര്യം!

ഒട്ടനവധി മഹാരാഷ്ട്ര വീരന്മാരുടെ ജീവൻ പരലോകം പൂകി. അവസാനം 'പാണ്ഡോജി'യുൾപ്പെടെ 5 മഹാരാഷ്ട്രന്മാർ മാത്രം ശേഷിച്ചു. ഈ അവസരത്തിൽ ആ മുസ്ലിം കന്യക പാണ്ഡോജിയുടെ ഒരു വെട്ടേററ് പോർക്കളത്തിൽ വീണു അന്ത്യശ്വാസം വലിച്ചു. ഇതുകൊണ്ടൊന്നും ഇളകാതെ ആ മുസ്ലിം യുവസിംഹം തൻെറ സഹോദരിയെ അപഹരിക്കാൻ വന്ന നീചരോട് ഒററയ്ക്കു നിന്നെതിർത്തു; രണ്ടുപേരെക്കൂടി കാലപുരിക്കയച്ചു. അപ്പോൾ പാണ്ഡോജിയുടെ ഒരു വെട്ടേററു അദ്ദേഹത്തിൻെറ വലതുകരം ശരീരത്തിൽനിന്നു വേർപെട്ടു. പെട്ടെന്നു അദ്ദേഹം ഇടതു കരത്തിൽ വാളെടുത്ത് പാണ്ഡോജിയുടെ ഭുജത്തെ ലാക്കാക്കി ഒന്നു വെട്ടി. വെട്ടേററ് അയാൾ മലപോലെ മറിഞ്ഞു മണ്ണിൽ വീണു. ഈ ഘട്ടത്തിൽ ഒരു മഹാരാഷ്ട്രൻ ഒഴിഞ്ഞുനിന്നുകൊണ്ട് ആ മുസ്ലിം സിംഹത്തിൻെറ മുതുകിൽ ഊക്കോടെ ഒന്നുവെട്ടി ആ വെട്ടേററ് അദ്ദേഹം പോർക്കളത്തിൽ വീണു. ശേഷിച്ചമഹാരാഷ്ട്രർ ആ നിസ്സഹായൻെറ കണ്ഠം നിഷ്ക്കരുണം ഛേദിച്ചു! ഇങ്ങനെ ആ ധീരപുരുഷൻവീരസ്വർഗ്ഗം പൂകി. പാണ്ഡോജി ജീവനഷ്ടം നേരിടാതെ ശേഷിച്ചു. അദ്ദേഹം ശേഷിച്ച കൂട്ടരുമൊന്നിച്ചു ആ നിശയിൽ തന്നെ മലകയറി,

x x x

പ്രഭാതം. ഭാനുമാൻ ഇളം കിരണങ്ങളെ നാലുപാടും വിതറുന്നു. വിഹഗങ്ങൾ 'കിലുകിലെ' ചിലക്കുന്നു. രാത്രിയിലെ ദാരുണസംഭവം ഗ്രാമവാസികൾ അറിയുന്നത് ഇപ്പോൾ മാത്രമാണ്. അവർ കൂട്ടംകൂടി അവിടേയ്ക്കു ഇരച്ചുകയറി. അവർ അവിടെ ദർശിച്ചതു ഒരു വീരമുസ്ലിം സന്താനത്തിൻെറയും, ഒരു വീരതരുണീമണിയുടേയും, ഒരു വൃദ്ധമാതാവിൻെറയും, അനവധിൽപരം മഹാരാഷ്ട്രവീരന്മാരുടേയും മൃതശരീരങ്ങൾ മാത്രമായിരുന്നു. കൊള്ളയുടെ കൊടുംഫലം!

---

## ഹെർ ഹിററ്ലർ കയക്കുന്നു.



ഹിററ്ലർ

ബവേറിയയിലെ വർസ് ബർഗ്ഗ് എന്ന സ്ഥലത്തുവെച്ചു നടന്ന നാസികളുടെ ഒരു സമ്മേളനത്തിൽ ഹെർ ഹിററലർ സുദീർഘവും സ്തോഭജനകവുമായ ഒരു പ്രസംഗം ചെയ്തിരിക്കുന്നു. 200,000 നാസികൾ സമ്മേളനത്തിൽ ഹാജരായിരുന്നുവത്രെ. ഹെർ ഹിററ്ലർ തൻെറ പ്രസംഗത്തിൽ നിഷ്പക്ഷ സമിതിയെ ഏററവും കഠിനമായി ആക്ഷേപിച്ചു. സ്പാനിഷ് സമരത്തിൽനിന്നു ജർമ്മനി നല്ല ഒരു പാഠം പഠിച്ചിരിക്കുവെന്നും ജർമ്മനിയുടെ താല്പര്യങ്ങൾ കാത്തുരക്ഷിക്കുന്നതിൽ ജർമ്മനി അന്യരെ ആശ്രയിക്കുവാൻ വിചാരിക്കുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ഹിററ്ലർ ലഹളക്കാർക്ക് സർവ്വ വിജയങ്ങളും ആശംസിച്ചു. ആഭ്യന്തര സമരത്തിൽ ലഹളക്കാർ ജയിച്ചാൽ ജർമ്മനിക്കു സ്പെയിനിൽനിന്നു ഇരുമ്പു സുലഭമായി ലഭിക്കുമെന്നും അദ്ദേഹം ആശിച്ചു.

# മുഹമ്മദ് നബി (സ) യുടെ സ്വഭാവ വൈശിഷ്ട്യങ്ങൾ

( എൻ. അബ്ദുറഹ്മാൻസാഹിബ്ബ് ബി. എ. ബി. എൽ. എം. എൽ സി,
( തിരുവനന്തപുരം )

ഈ പ്രപഞ്ചത്തിൽ അധിവസിക്കുന്ന എല്ലാ മനുഷ്യരുടേയും പ്രവാചകനായിട്ടാണ് മുഹമ്മദ നബിയെ (സ) അയയ്ക്കപ്പെട്ടത്. അല്ലാതെ അറേബ്യയെമാത്രം ഉദ്ധരിക്കുന്നതിലേയ്ക്കല്ല. പരിപൂർണ്ണവും പ്രായോഗികവും മാർഗ്ഗദർശകവുമായ ഒരു മതമാണ് അദ്ദേഹം പ്രബോധനം ചെയ്യപ്പെട്ടത്. മററു മതങ്ങളാകട്ടെ അതാതുകാലങ്ങൾക്കുമാത്രം അനുയോജ്യമായിരുന്നു. എന്നല്ലാതെ അവയ്ക്കു സാർവ്വത്രികത്വവും പ്രായോഗികതയും ഉണ്ടായിരുന്നില്ല. തന്റെ ഓരോപ്രവൃത്തിയും ലോകാവസാനംവരെ ജനങ്ങൾക്കു മാതൃകയായിരിക്കേണ്ടതാണെന്ന് നബിതിരുമേനിക്ക് അറിയാമായിരുന്നു. ഏതൊരുകൃത്യത്തിനൊരുങ്ങുമ്പോഴും അദ്ദേഹം അനേകം പ്രാവശ്യം അല്ലാഹുവിനെ സ്മരിക്കുകയും സ്തുതിക്കുകയും ചെയ്തിരുന്നു. അനേകം രാത്രികൾ മുഴുവനും പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞിട്ടുണ്ട്.

"ലഘുജീവിതം ഉൽകൃഷ്ട ചിന്ത" എന്ന ആപ്തവാക്യത്തെ അക്ഷരംപ്രതി അദ്ദേഹം പ്രായോഗികമാക്കി ആയതു അനുകരിക്കുന്നതിനു ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്തു.

മഹാത്മാവായ മുഹമ്മദുനബി (സഅ)യുടെ ജീവിതക്രമങ്ങളും ദിനചരിയും ആരെയും അതിശയിപ്പിക്കത്തക്കതായിരുന്നു. അദ്ദേഹത്തിന്റെ വീട്ടുജോലികൾ സ്വന്തകൈകൊണ്ടുതന്നെ ചെയ്തുവന്നിരുന്നു. ആടുമാടുകളെ കറക്കുക; വസ്ത്രങ്ങൾ തുന്നുക, ചെരുപ്പുകൾ നന്നാക്കുക; കമ്പോളത്തിൽനിന്നും സാമാനങ്ങൾ വാങ്ങുക മുതലായ പ്രവൃത്തികൾ ആ പുണ്യാത്മാവുതന്നെ ചെയ്തിരുന്നു.

ശൈശവംമുതൽ അവസാനംവരെ അദ്ദേഹം വിനോദത്തിലും തോന്ന്യാസങ്ങളിലും ഉൾപ്പെട്ടിട്ടില്ല. അവിശ്വാസികൾ അദ്ദേഹത്തെ കവിയെന്നും മാന്ത്രികനെന്നും ഉന്മാദനെന്നും വിളിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതചര്യയെ സംബന്ധിച്ചിടത്തോളം അവർക്കു ഒരിക്കലും ഒന്നും പറയാൻ സാധിച്ചിട്ടില്ല. തന്റെ ദൌത്യത്തിന്റെ ലക്ഷ്യമായി അദ്ദേഹം എപ്പോഴും തന്റെ കളങ്കരഹിതമായ ജീവിതത്തെ ശത്രുക്കൾക്കു ചൂണ്ടിക്കാണിക്കുമായിരുന്നു

ദൈവധ്യാനത്തിൽനിന്ന് തനിയ്ക്കു വിശ്രമം കിട്ടുന്നസമയം മുഴുവനും അദ്ദേഹം മനുഷ്യസേവനത്തിനായി വിനിയോഗിച്ചുവന്നു. മദീനയിലെ ആദ്യത്തെ പള്ളിയിലെ പണിനടന്നുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഒരു സാധാരണ കൂലിക്കാരനേപ്പോലെ ജോലിചെയ്തിരുന്നു.

പലപ്പോഴും അദ്ദേഹം മൌനാവലംബിയായി ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണം ചുരുങ്ങിയതും അർത്ഥവത്തും മാധുര്യമേറിയതും ആയിരുന്നതിനാൽ അവശ്രോതാക്കളുടെ ഹൃദയത്തെ ഹഠാൽ ആകർഷിച്ചിരുന്നു.

എത്ര എളിയവന്റേയും ക്ഷണം അദ്ദേഹം സ്വീകരിച്ചുവന്നു, അന്യരോടു അദ്ദേഹം പെരുമാറിവന്നവിധം ഏററവും സ്പൃഹണീയമായിരുന്നു. സാധുക്കളുമായി സഹവസിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് കൂടുതൽ താല്പര്യം. ആളുകളെ കണ്ടാൽ ആദ്യമായി അദ്ദേഹം തന്നെ അവരെ അഭിവാദ്യം ചെയ്യുമായിരുന്നു. അതിഥികളെ സ്വീകരിക്കുന്നതിലും അവർക്കു വേണ്ടശുശ്രൂഷകൾ ചെയ്യുന്നതിലും അദ്ദേഹം വളരെ താല്പര്യം പ്രദർശിപ്പിച്ചുവന്നു.

തന്റെ കുടുംബജീവിതം ഏററവും മാതൃകായോഗ്യമായ ഒന്നായിരുന്നു. അദ്ദേഹം ഒരിക്കലും ആഡംബരപ്രിയനായിരുന്നില്ല. എല്ലായ്പോഴും ബലവത്തും എന്നാൽ കേവലവുമായ വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. "മനശ്ശുദ്ധയാണ് ഒരുമനുഷ്യന്റെ ഉത്തമമായ വസ്ത്രം" എന്നു അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. തോലുകൊണ്ടുണ്ടാക്കി മരത്തൊലി നിറച്ചു ഒരു കിടക്കയിലായിരുന്നു അദ്ദേഹം ഉറങ്ങിയിരുന്നത്. ചിലപ്പോൾ പരുത്തപായകൾ മടക്കിയിട്ടു അതിന്മേലും അദ്ദേഹം ശയിച്ചിരുന്നു.

ലോകാനുഗ്രഹിയായ നബി (സ-അ)മൻചുമരും ഈന്തപ്പടൽ കൊണ്ടുണ്ടാക്കിയ മേൽക്കൂരയോടും കൂടിയ ഒരു ചെറിയ കുടിലിലാണ് താമസിച്ചിരുന്നത് ഖലീഫാ ഉമർ (റ) അവർകളെക്കാൾ സംതൃപ്തനും അനാഡംബരനുമായ ഒരു ഭരണകർത്താവു ലോകചരിത്രത്തിൽ അറിയപ്പെട്ടിട്ടില്ല എന്നാൽ അദ്ദേഹവും ലോകപരിഷ്കാരകനായ നബിയുടെ കേവല ജീവിതം കണ്ടപ്പോൾ അന്ധാളിച്ചുപോയി.

നബിയുടെ ഔദാര്യത്തെപററി പറയുകയാണെങ്കിൽ ഇത്രയും ഉദാരശീലമുള്ള ഒരു മഹാൻ ലോകത്തുണ്ടായിട്ടില്ല എന്നു ധൈര്യസമേതം പറയാം. ഒരു മുസ്ലിമിന്റെ സ്വത്തിൽ ആണ്ടുതോറും നൂററുക്കു രണ്ടരവീതം ദാനംകൊടുക്കേണ്ടതു് ഓരോ മുസ്ലിമിന്റേയും കടമയാണ്. നബിയാണെങ്കിൽ ദൈവീകമാർഗ്ഗത്തിലേക്കു തന്റെ സ്വത്തു മുഴുവൻ വിനിയോഗിച്ചു. തന്നോടുയാചിക്കുവാൻ വന്ന ഒരു യാചകനേയും നബി വെറുതെ അയച്ചിട്ടില്ല. ജീവിതകാലം മുഴുവനും അദ്ദേഹത്തിന്റെ പരിശുദ്ധനാവിൽനിന്ന് "ഇല്ല" എന്നൊരുപദം ഒരിക്കലും പുറപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒരു മുസ്ലിം കടക്കാരനായി മരിച്ചാൽ ഉദാരമതിയായ നബി (സ-അ) ആ കടം തീർത്തുവന്നു. എന്നിട്ട് അവസാനം വിളക്കുകത്തിക്കുന്നതിനു പോലും അയൽവാസികളെ ആശ്രയിക്കേണ്ടതായി വന്നുകൂടി.

പ്രവാചകത്വം ലഭിക്കുന്നതിന് വളരെമുമ്പുതന്നെനബി സത്യവാനുംവിശ്വാസയോഗ്യനുമാണെന്നുള്ള പ്രസിദ്ധിനേടിയിരുന്നു. ഇസ്ലാം മതത്തിന്റെ മാഹാത്മ്യത്തിനുള്ള ഏററവും വിശ്വാസയോഗ്യമായ തെളിവുകൾ നബിയുടെ സത്യനിഷ്ഠയും നിഷ്പക്ഷ നിലയുമാണ്. വളരെ ചെറുപ്പത്തിലെ തന്നെ 'അൽ-അമീൻ' എന്ന അപരനാമം അദ്ദേഹം കരസ്ഥമാക്കി ബഹുജനങ്ങളുടെ സ്നേഹത്തിനു പാത്രവാനായി.

നബിയെ കാണാൻവന്ന ക്രിസ്തീയനിവേദക സംഘത്തിന് പള്ളിയിൽ താമസിയ്ക്കുന്നതിനും പ്രാർത്ഥനാദി കർമ്മങ്ങൾ നടത്തുവാനും അനുവാദം കൊടുത്തു

ഒരു യഹൂദന്റെ മൃതശരീരം സംസ്കാരത്തിനായി കൊണ്ടുപോയപ്പോൾ നബി എഴുന്നേററുനിന്നു തന്റെ വ്യസനം പ്രദർശിപ്പിച്ചു.

മുസ്ലിമീങ്ങളുടെ സ്ഥൈര്യവും ധൈര്യവും ഇന്നും ജനങ്ങളുടെ ഇടയിൽ ഒരു പഴഞ്ചൊല്ലായി തീർന്നിട്ടുണ്ട്. ഈ പ്രസിദ്ധിയ്ക്കുള്ള കാരണം നബിയുടെ കാലത്തു നടന്ന ധീരകൃത്യങ്ങൾ തന്നെയാണ്.

ഇസ്ലാം മതസിദ്ധാന്തങ്ങൾ പ്രചരിച്ചതോടുകൂടി ബിംബാരാധന ക്ഷയിച്ചു തുടങ്ങി. തന്മൂലം മക്കായിലെ പ്രധാനികൾ ഒത്തൊരുമിച്ചു നബിയെ ഈ പ്രസ്ഥാനത്തിൽനിന്ന് വിരമിയ്ക്കുവാൻ ശ്രമിച്ചു. വേണ്ടത്രധനമോ ഏററവും സൌന്ദര്യവതിയായ ഒരു യുവതിയേയോ അറേബ്യയിലെ രാജത്വമൊ ഇതിൽ ഏതെങ്കിലും ആവശ്യമുള്ളതു കൊടുക്കാമെന്ന് അവർ നബിയോടു പറഞ്ഞു. ഒടുവിൽ അബൂത്താലിബിനോടു നബിയെ തന്റെ പ്രസ്ഥാനത്തിൽനിന്നും പിൻവലിപ്പിക്കണമെന്നും അല്ല

ാത്ത പക്ഷം അദ്ദേഹത്തെ കൊലചെയ്യുകളയുമെന്നും പറഞ്ഞു ഭയപ്പെടുത്തി.

ഇതിന്ന് നബി പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "ഈ രാജ്യക്കാർ എന്റെ വലത്തുകയ്യിൽ സൂര്യനെയും ഇടത്തുകൈയിൽ ചന്ദ്രനെയും വെച്ചുതന്നാൽപോലും ഞാൻ എന്റെ കൃത്യത്തിൽനിന്നു വിരമിക്കുന്നതല്ല." ഒന്നുകിൽ എന്റെ ഈ ജോലിയെ അല്ലാഹു പൂർത്തിയാക്കും-അല്ലെങ്കിൽ എന്റെ ജീവനെ ബലികഴിയ്ക്കും."

നബിയുടെ ക്ഷമാഗുണം ഏററവും സ്തുത്യർഹമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും അദ്ദേഹം ഒരാളെയും പുരുഷപരമായ വൈരാഗ്യത്തിന്വേണ്ടി പകരം വീട്ടുകയുണ്ടായിട്ടില്ല. നബി മക്കാ പട്ടണം കരസ്ഥമാക്കിയ കാലത്തുതന്നെ വധിയ്ക്കാൻ ശ്രമിച്ച സറക്കാ മുതലായവർ ജീവിച്ചിരുന്നെങ്കിലും നബി തന്റെ ശത്രുക്കൾക്കെല്ലാം മാപ്പു കൊടുക്കുകയാണുണ്ടായത്. ഇസ്ലാമിന്റെ ബദ്ധവൈരികളിൽ ഒരുവനായ അബൂസുഫ്യാൻ തന്റെ മുമ്പിൽ ഹാജരായപ്പോൾ ഇസ്ലാമിന്റെ ഒരു ഉത്തമ സേവകന്റെ നിലയിലാണ് അദ്ദേഹത്തെ സ്വീകരിച്ചത്. ഒഹദ്‌യുദ്ധത്തിൽ മുറിവേററു കിടക്കുമ്പോൾ ശത്രുക്കളെ ശപിയ്ക്കാനായി അനുയായികൾ അപേക്ഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ് "ജനങ്ങളെശപിക്കുവാനായിട്ടല്ല അവരെ സന്മാർഗ്ഗത്തിലേയ്ക്ക് വിളിയ്ക്കുവാനും അവരെ അനുഗ്രഹിയ്ക്കുവാനും ആകുന്നു എന്നെ അയയ്ക്കപ്പെട്ടിട്ടുള്ളത്. ദൈവമേ! എന്റെ ജനങ്ങൾക്ക് വഴികാട്ടിയാലും, അവർ അറിവില്ലാത്തവരാകുന്നു" ആ പുണ്യപുരുഷന്റെ ജീവിതം ഇത്തരം മഹനീയമായ നിരവധി ഗുണങ്ങളാൽ നിബിഡമായ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ നിത്യ ജീവിതം എത്ര പരിശുദ്ധവും സാന്മാർഗ്ഗികവും അനുഗ്രഹീതവുമായിരുന്നു. അദ്ദേഹം ഒരനാഥനായി ജനിച്ചു. ഒരുവിധത്തിലുള്ള അക്ഷരാഭ്യാസവും ഇല്ലെങ്കിലും അദ്ദേഹത്തിന്റെ സംസ്ക്കാരവും നാഗരികതയും വിദ്യാസമ്പന്നന്മാരെയും ശാസ്ത്രജ്ഞന്മാരെയുംകൂടി അതിശയിപ്പിക്കത്തക്കതായിരുന്നു.

അദ്ദേഹം ഒരു യോദ്ധാവും രാജ്യതന്ത്രജ്ഞനും സേനാധിപതിയും നിയമജ്ഞനും മാത്രമല്ല ഒരു ചക്രവർത്തിയുടെ തുല്യസ്ഥാനത്തിൽ എത്തുകയും നബി ഹജ്ജ് ചെയ്യുമ്പോൾ ഒരു ലക്ഷം അനുയായികൾ അദ്ദേഹത്തിന്റെ മത പതാകയ്ക്കടിയിൽ തണലണയുകയും ചെയ്തു. ദൈവാനുഗ്രഹം അദ്ദേഹത്തിൽ വർഷിക്കട്ടെ—ആമീൻ.

— —

# കൌതുകരംഗം.

## അവിവാഹിതരുടെ ദിനം

അവിവാഹിതരായ പുരുഷന്മാരെ അനുസ്മരിച്ചു പ്രതിവർഷം ഒരാഘോഷദിനം കൊണ്ടാടുന്നതിനായി ഡെൻമാർക്കിൽ ഒരു പുതിയ സംഘം രൂപീകരിച്ചിരിക്കുന്നു. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിലായിരിക്കും ദേശീയ അവിവാഹിതദിനം കൊണ്ടാടുന്നത്.

ഈ സംഘസ്ഥാപകരിൽപ്രധാനി മി പിറേറഴ്സൻ എന്നു പേരായ ഒരവിവാഹിതനാണ്. ഇതുപോലെയുള്ള ഒരാഘോഷദിനം ലോകമാകവെ കൊണ്ടാടണമെന്നു അദ്ദേഹം എല്ലാ രാജ്യത്തോടും അഭ്യർത്ഥിച്ചിരിക്കുന്നു. ഈ ആഘോഷദിവസമെങ്കിലും യുവതികൾ അവിവാഹിതരായ പുരുഷന്മാരുടെ ഏകാന്തതയെ ഭംഗപ്പെടുത്തുമാറു അവരുടെ സ്വൈരജീവിതത്തെ കയ്യേറരുതെന്നുള്ളതാകുന്നു അവരുടെ പരമലക്ഷ്യം.

## അവരുടെ സമ്മാനം

വിൻസർ ദമ്പതികൾക്ക്

വിൻസർ പ്രഭുവിന്റെയും പ്രഭ്വിയുടെയും ആതിഥേയരായ മി: ചാർലസ് ബെഡാക്സും ഭാര്യയും അവരുടെ വിവാഹം പ്രമാണിച്ചു മനോഹരവും രസകരവുമായ ഒരു സമ്മാനം നൽകിയിരിക്കുന്നു. ഇതു അതിസമർത്ഥയായ ഒരുജർമ്മൻ ശില്പകലാവിദഗ്ദ്ധയാൽ ഉണ്ടാക്കപ്പെട്ട 2 അടി ഉയരമുള്ള ഒരു പുരുഷനും സ്ത്രീയും പരസ്പരം ആലിംഗനം ചെയ്തു ചുംബനം ചെയ്യുന്ന പ്രതിമയാകുന്നു. ആ പ്രതിമയുടെ കീഴ്ഭാഗത്തായി "ആചുംബനം" എന്നു പ്രത്യേകം പ്ലേററൽ ലിഖിതം ചെയ്തിരിക്കുന്നു. നവദമ്പതികളായ പ്രഭുവിനും പ്രഭ്വിക്കും ഈ സമ്മാനം അതീവ സന്തോഷത്തെ പ്രദാനം ചെയ്തിരിക്കുന്നു.

## അവരുടെ പിറന്നാൾ

107-ാമത്തെ വയസ്സിൽ ആഘോഷിക്കുന്നു.

ആസ്ത്രേലിയായിലെ സിഡ്നി എന്ന സ്ഥലത്തുള്ള മിസ്സസ്സ് സറാ മസ്ഗ്രേവ എന്ന മഹതി അവരുടെ 107-ാമത്തെ ജന്മർക്ഷം കൊണ്ടാടിയിരിക്കുന്നു. ആ രാജ്യത്തിലെ ഏററവും പ്രായം ചെന്നവർ ഇവരാകുന്നു. ഇപ്പോഴും എഴുതുവാനും വായിക്കുവാനും അവർക്കു സാധിക്കുന്നുണ്ട്. 107-ാമത്തെ വയസ്സ് അത്ര കൂടുതൽ അല്ലെന്നും ശ്രദ്ധിച്ചാൽ ഇനിയും ദീർഘകാലം ഇരിക്കുവാൻ കഴിയുമെന്നാണ് അവരുടെ അഭിപ്രായം.

## കൊള്ളക്കാരന്റെ സ്മരണയ്ക്കു പള്ളി.

ഭാര്യയുടെ ഭർത്തൃസ്നേഹം.

മോൺട്രീക്കിലെ വെസ്റ്റ് മൌണ്ട് എന്ന ഉൾനാട്ടിൽ അതികമനീയമായ ഒരു പള്ളി നിലകൊള്ളുന്നു. അതു ജനശൂന്യമായും ആരാധനയ്ക്കു ആരും കൂടാതെയും ഇരിക്കുന്നു. കാനഡിയൻ പള്ളി അധികാരികൾ ഈ പള്ളിയെ ഔദ്യോഗികമായി അംഗീകരിക്കാത്തതാണ് ഇതിനു കാരണം. ഈ പള്ളി ആൻറണി ഫ്രാങ്ക് എന്ന കൊള്ളക്കാരന്റെ സ്മരണയെ നിലനിർത്തുവാൻ വേണ്ടി അദ്ദേഹത്തിന്റെ ഭാര്യ പണിയിച്ചതാണ്. ഒരു ബാങ്കുകവർച്ച, കൊല എന്നീ ചാർജ്ജുകളിൽ ആൻറിണി ഫ്രാങ്കിനെ തൂക്കിക്കൊന്നിരിക്കുന്നു.

## ജർമ്മൻ പോസ്റ്റാഫീസ്

അലക്കുകമ്പനി സ്ഥാപിക്കുന്നു.

ജർമ്മൻ പോസ്റ്റാഫീസിനോടു അനുബന്ധിച്ചുവലിയതോതിൽ അലക്കു കമ്പനികൾ സ്ഥാപിക്കുന്നു. തപാൽ സഞ്ചികൾ അലക്കുവാൻവേണ്ടിയാണ് ഇതു ചെയ്തിരിക്കുന്നത്. പ്രതിദിനം 35000 സഞ്ചികൾ ഇവിടെ അലക്കി ശുദ്ധമാക്കി എടുക്കാവുന്നതാണ്. ഈ നൂതനസമ്പ്രദായം ഏററവും ശാസ്ത്രീയമായ നിലയിലാണ് ചെയ്തുവരുന്നത്.

———


## 53937 അടി ഉയരത്തിൽ പറന്ന വിമാനം

ആഡംസിന്റെ വിജയകരമായ പരീക്ഷണം.

ബ്രിട്ടീഷ് വിമാനവകുപ്പിൽനിന്നും നൂതനമായി പണികഴിപ്പിച്ച പരീക്ഷണ വിമാനം ലഫ്ററനൻറ് എം. ജെ. ആഡംസിന്റെ നിയന്ത്രണത്തിൻ 53937 അടി ഉയരത്തിൽ പറന്നതായി വിമാനവകുപ്പിൽനിന്നും പ്രഖ്യാപനം ചെയ്യുന്നു. ഇത്രയും ഉയരത്തിൽ ഇതേവരെ യാതൊരു വിമാനവും പറക്കയുണ്ടായിട്ടില്ല. ആഡംസ് ഇന്ത്യയിലെ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ ഉദ്യോഗസ്ഥനായി സേവനം നടത്തിയിട്ടുണ്ട്.

———

# വാരവൃത്താന്ത സംഗ്രഹം.



ശ്രീമതി കമലാദേവി കോഴിക്കോട്ടെത്തി അറസ്ററിലിരിക്കുന്ന സഖാവ് മെഹറാലിയെ സന്ദർശിച്ചിരിക്കുന്നു. അവർ ഏതാനും ദിവസം കോഴിക്കോട്ട് താമസിക്കുന്നതാണ്.

ബ്രിട്ടീഷ് കൊച്ചിയിൽ ഒരു സൈനിക സങ്കേതം സ്ഥാപിക്കുവാൻ ഇൻഡ്യാ ഗവർമ്മെൻറ് ആലോചിച്ചു വരുന്നുണ്ടെന്നറിയുന്നു.

തിരുവിതാംകൂറിലെ ചില പെൻഷൻഡ് ഉദ്യോഗസ്ഥന്മാരുടെ എഴുത്തുകളും പ്രസ്താവനകളും നടവടികളും ഗവർമ്മെണ്ടിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിക്കയുണ്ടായി. സർവ്വീസ് റഗുലേഷൻ പ്രകാരം പെൻഷൻ വാങ്ങുന്നവരുടെ പേരിൽ നടവടിപ്പിശകുകൾ കണ്ടാൽ പെൻഷൻ മുഴുവനുമോ അതിൻെറ ഒരംശമോ പിൻവലിക്കുന്നതിനുള്ള അധികാരം ഗവർമ്മെൻറിനുണ്ട്. ഈ അധികാരം സമുചിതമായ സന്ദർഭങ്ങളിൽ വിനിയോഗിക്കുന്നതാണെന്ന് ഇപ്പോൾ പ്രസ്താവിച്ചിരിക്കുന്നു.

കോഴിക്കോട്ട്, ഏറനാട്ട്, വള്ളുവനാട് പൊന്നാനി, എന്നീ താലൂക്കുകളിൽ യാതൊരു പൊതുയോഗങ്ങളിലും പ്രസംഗിച്ചുകൂടാ എന്ന ഡിസ്ട്രിക്ട് മജിസ്രേട്ടിൻെറ നിരോധന ഉത്തരവിനെ ലംഘിച്ചതിനു ഇൻഡ്യൻ പീനൽകോട്ട് 188-ാംവകുപ്പു പ്രകാരം സബ്ഡിവിഷനൽ മജിസ്രേട്ട് സഖാവ് യൂസഫ് മെഹറാലിക്ക് ആറുമാസം വെറുംതടവു ശിക്ഷ വിധിച്ചിരിക്കുന്നു. അദ്ദേഹത്തെ 'ഏ' ക്ലാസ് തടവുകാരനായി പരിഗണിക്കുന്നതാണ്.

ബ്രിട്ടീഷുകൊച്ചി മുനിസിപ്പൽ മാപ്പിള ഹൈസ്കൂളു വിദ്യാർത്ഥിസാഹിത്യസമാജത്തിൻെറ ഒരു സാധാരണയോഗം ടി. സ്കൂളു അദ്ധ്യാപകനായ ജ: അബൂബക്കർ മാസ്റ്റർ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി.

മുനിസിപ്പൽ കൌൺസിലറായിരുന്ന ജ: പള്ളിക്കുട്ടി ബാവമൂപ്പൻെറ അകാല നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു ഒരു പ്രമേയം മി: ഉമ്മർ അവതരിപ്പിക്കുകയും മി: സേവിയർ പിന്താങ്ങുകയും ചെയ്തു സർവ്വസമ്മതമായി പാസാക്കപ്പെട്ടിരിക്കുന്നു.

———

## ഭാരതം

ബാംഗളൂർവെച്ചു ഒരു പട്ടാളക്കാരൻ മറെറാരു ചെറുപ്പക്കാരൻെറ തലയിൽനിന്നു ഗാന്ധിതൊപ്പി ബലാൽനീക്കം ചെയ്തു പ്രകാരം ഒരു പത്രത്തിൽ കണ്ടതിനെ ആസ്പദമാക്കി മി. എസ്. സത്യമൂർത്തി ഇന്ത്യാ ഗവർമ്മെണ്ടിലേക്കു എഴുതി അയച്ചതിൽ സംഗതി പരാതിപ്പെടത്തക്ക ഒന്നാണെന്നു ഉള്ളടത്തോളം അന്വേഷണത്തിൽ തെളിഞ്ഞുവെങ്കിലും കുററംചെയ്തതു് ആരെന്നു കണ്ടുപിടിക്കുവാൻ പ്രയാസമായിരിക്കുന്നു എന്നും മേലാൽ ഇത്തരം ആവർത്തിക്കാതാവുന്നതിനു കർശനമായി ശട്ടംകെട്ടീട്ടുണ്ടെന്നും വിവരിച്ചു മറുപടി ലഭിച്ചിരിക്കുന്നു.

ഗവണ്മെൻറിലെ കുറഞ്ഞതരം ഉദ്യോഗങ്ങളിൽ സർവ്വകലാശാലാ യോഗ്യതയുള്ളവർ പ്രവേശിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതിനായി ചിലതരം ഗവർമ്മെൻറുദ്യോഗങ്ങളിൽ പ്രവേശിക്കുന്നതിനുള്ള വയഃക്ലിപ്തി പതിനെട്ടു വയസ്സായി കുറയ്ക്കുവാൻ മദ്രാസ് ഗവർമ്മെൻറു വിചാരിക്കുന്നു.

അഖിലേന്ത്യാ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറി മി. എം. ആർ. മസാനി ജൂലൈ ആദ്യവാരത്തിൽ മലബാറിൽ എത്തുന്നതാണെന്നറിയുന്നു.

കൽക്കത്താ സർവ്വകലാശാല നൽകുന്ന മെഡിക്കൽ ബിരുദങ്ങളെ ബ്രിട്ടനിലെ ജനറൽ മെഡിക്കൽ കൌൺസിൽ അംഗീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഹിമാലയൻ പര്യടനത്തിന്നായി വീണ്ടും ചില സംഘങ്ങൾ ഒരുങ്ങിയിരിക്കുന്നു. അതിന്നായി അനുമതി നൽകുന്നതിന്നു അവർ ഇന്ത്യാ ഗവർമ്മെണ്ടിനോടപേക്ഷിച്ചിട്ടുണ്ട്.


ബിഹാർ അസംബ്ളിയുടെ സമ്മേളനം ജൂലായി മാസത്തിൽ അവസാനത്തെ ആഴ്ചയിൽ നടത്തപ്പെടുന്നതാണെന്നറിയുന്നു.

പൊതുനിരത്തുകളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നതിനെ തടയുവാൻവേണ്ടി സാനിട്ടറി ഇൻസ്പെക്ടർമാർക്കും മററു ശുചീകരണ ഉദ്യോഗസ്ഥന്മാർക്കും പോലീസധികാരം നൽകുന്നതിനു മദിരാശി മുനിസിപ്പൽ കോർപ്പറേഷൻ ഇന്നു തീർച്ചയാക്കിയിരിക്കുന്നു. അടുത്ത കാലത്തായി മദിരാശിയിൽ ഇങ്ങിനെ പൊതുനിരത്തുകളെ മലിനമാക്കുന്നതു വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് ഈ തീരുമാനത്തിന്നു കാരണം.

———

## വിദേശം

ഓക്സ്ഫോഡ് സർവ്വകലാശാലയിൽ പ്രൊഫസർ ഓഫ് ഓറിയൻറൽ ഫിലോസഫി ആയ സർ. എസ്സ്. രാധാകൃഷ്ണൻ ജൂലായി മാസത്തിൽ ഇന്ത്യയിൽ എത്തുന്നതാണെന്നറിയുന്നു.



മി. റൂസ്‌വെൽട്ട്

ഐക്യരാജ്യ പ്രസിഡണ്ടായ മി. റൂസ്‌വെൽട്ടും ബൽജിയൻ പ്രധാന മന്ത്രി വാൽസിലണ്ടും തമ്മിൽ ലോകവാണിജ്യാഭിവൃദ്ധി സാധിക്കേണ്ടുന്ന കാര്യത്തെപ്പററിയും മററും തമ്മിലുണ്ടായ സംഭാഷണാനന്തരം ഇരുവരും കൂടി ഒന്നിച്ച് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

ലോകവാണിജ്യം പുനരുദ്ധരിക്കാനും പണസംബന്ധമായ വിഷമപ്രശ്നങ്ങൾക്കും നിവൃത്തി കാണാനും പടക്കോപ്പുകൾ കുറക്കുവാനും ഏകോപിച്ചുള്ള യത്നത്തിൽ ഐക്യരാജ്യം സഹകരിക്കുന്നതാണ് എന്നു ആ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

അമേരിക്കയിലേക്ക് ഇന്ത്യയിൽ നിന്നു കയററിയയച്ച രണ്ടു ആയുർവ്വേദ സിദ്ധൌഷധങ്ങളെ, അവയുടെ ചേരുവയെപ്പററിയും ഔഷധസംബന്ധമായ പ്രയോജനത്തെപ്പററിയും കൊടുക്കപ്പെട്ട സ്റ്റേററ്മെൻറ് കളവും കൃത്രിമവുമാണെന്നു പറഞ്ഞും അമേരിക്കൻ കറുപ്പ കഞ്ചാവു നിയന്ത്രണക്കാർ അവിടെ ഇറക്കുവാൻ അനുവദിച്ചില്ലത്രെ. ഇതു അമേരിക്കക്കാർക്ക് അവരുടെ നാട്ടിലുള്ള ഔഷധങ്ങളെ അതിശയിക്കുന്ന വല്ലതും അന്യ സ്ഥലങ്ങളിൽ ഉണ്ടായെന്നു കേട്ടാൽ തോന്നുന്ന അസൂയയുടെ ഫലമാണെന്നാണ് ആയുർവ്വേദമരുന്നു കമ്പനിക്കാരുടെ ഏജണ്ടു വിചാരിക്കുന്നത്.

സർ തേജ്ബഹദൂർ സപ്രു, ഇന്ത്യയിലേക്കു കപ്പൽ കയറിയിരിക്കുന്നു.

# വളപട്ടണത്ത് മുസ്ലിം മഹാസമ്മേളനം

ഡാക്ടർ കമാൽ കോൺഗ്രസ്സും ലീഗും വിശദീകരിക്കുന്നു.

മുസ്ലീങ്ങളുടെ കർത്തവ്യം.

(പ്ര ലേ.) —വളപട്ടണം, ജൂൺ 26.

കണ്ണൂർ രാജാ ആലി ജനാബ് സുൽത്താൻ അബ്ദുറഹിമാൻ ആലി രാജാ അവർകളുടെ പുത്രിയുടെ കല്യാണം പ്രമാണിച്ച് കണ്ണൂര് എത്തിയിരുന്ന ഡാക്ടർ കമാൽ പാഷാ തയ്യിൽ വളപട്ടണം മുസ്ലീങ്ങളുടെ ക്ഷണനം സ്വീകരിച്ചു ഇന്നലെ കാലത്ത് 11 മണിക്ക് സ്ഥലത്തെത്തി ആലി ജനാബ് പൊക്കിലിയകത്ത് സിയ്യാറാത്തുംകരയിൽ ഈമശഹ്ഹർ കോയമ്മതങ്ങൾ അവർകളുടെ അതിഥിയായി താമസിക്കുകയും ഇന്നലെ വൈകിട്ട് സ്ഥലം നാഷണൽ സ്കൂളിൽ കൂടിയ ഒരു മുസ്ലിം മഹാസമ്മേളനത്തിൽ പ്രസംഗിക്കയുണ്ടായി.

കൃത്യം 7 മണിക്കാരംഭിച്ച ഡാക്ടർ കമാൽ പാഷാ തയ്യിലിന്റെ പ്രസംഗം 9¾ മണിവരെ നീണ്ടുനിന്നിരുന്നു. യോഗത്തിൽ ലീഗ് പാർട്ടിയും കോൺഗ്രസ്സ് പാർട്ടിയും മററനവധി മുസ്ലീങ്ങളും അമുസ്ലീങ്ങളും സംബന്ധിച്ചിരുന്നു. തന്റെ പ്രസംഗം ആരംഭിക്കുന്നതിന്നു മുമ്പായിതന്നെ ഏത് സംശയങ്ങൾക്കും തന്റെ പ്രസംഗത്തിന്നു ശേഷം മറുപടിപറയുവാൻ ഒരുക്കമാണെന്നും ആയതിനാൽ എല്ലാവരും ശാന്തരായി പ്രസംഗം കേൾക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. പ്രസ്തുത പ്രസംഗത്തിൽ മുസ്ലീങ്ങളുടെ ഇന്നത്തെ അതിപ്രധാനങ്ങളായ ആവശ്യങ്ങൾ ശക്തിയായും സ്പഷ്ടമായും ഡാക്ടർ വിവരിച്ചു. തദനന്തരം കോൺഗ്രസ്സ് ലീഗ് എന്നീ പ്രസ്ഥാനങ്ങളേയും ഏതാൽ പ്രവർത്തകന്മാരേയും ഡാക്ടർ സാഹിബ് വിശദീകരിക്കുകയുണ്ടായി.

പ്രസംഗശേഷം സംശയങ്ങൾ അഭിപ്രായവ്യത്യാസങ്ങൾ— ഇവതീർക്കുന്നതിന്ന് ആർക്കെങ്കിലും ചോദ്യം ചെയ്യാമെന്നു ഡാക്ടർ അറിയിക്കയുണ്ടായി. സദസ്യർ ഹസ്തതാഡനപൂർവ്വം അനുകൂലഭാവം പ്രകടിപ്പിക്കുകയാണുണ്ടായത്. അദ്ധ്യക്ഷൻ തങ്ങളവർകളുടെ പ്രസംഗവും കൃതജ്ഞതാ പ്രകടനവും കഴിഞ്ഞു യോഗം മംഗളമായി പിരഞ്ഞു.

ഡാക്ടർ കമാൽ പാഷാ തയ്യിലിന്റെ വളപട്ടണ സന്ദർശനാവസരത്തിൽ മുസ്ലിം യുവാക്കൾ അദ്ദേഹത്തോടു പല പ്രകാരത്തിൽ സഹകരിച്ചു അവരുടെ സമുദായാഭിമാനത്തെ പ്രകടിപ്പിക്കയുണ്ടായി.

---

## ഡാക്ടർ കമാൽ വടകരയിൽ

മനാറുൽ ഉല്ലൂം മദ്രസ്സയിൽ മുസ്ലിം സമ്മേളനം.

സമുദായത്തിന്റെ ആവശ്യകതയെക്കുറിച്ചു ഡാക്ടർ കമാലിന്റെ ഉൽബോധനം.

വടകര, ജൂൺ. 27.

ഡാക്ടർ കമാൽ പാഷാ തയ്യിൽ അവർകൾ, ഒരു ഉത്തമ സമുദായ സ്നേഹിയും മനാറുൽ ഉല്ലൂം സഭാ ജനറൽ സിക്രട്ടറിയുമായ ജനാബ് കോയക്കുട്ടി ഹാജി അവർകളുടെ പ്രത്യേകം ക്ഷണനം സ്വീകരിച്ച് തലശ്ശേരിയിൽനിന്നും മി: ടി. സി. അഹമ്മദ് സാഹിബ് ഒന്നിച്ചു ഇന്നലെ കൃത്യം 4 മണിക്ക് സ്ഥലത്തെത്തി ഹാജി അവർകളുടെ അതിഥിയായി താമസിക്കുകയുണ്ടായി. ഡാക്ടരുടെ വരവു വിജ്ഞാപന മൂലം മുൻകൂട്ടിഅറിയിച്ചിരുന്നതിനാൽ ഒരു വലിയ പുരുഷാരം സ്ഥലം മനാറുൽ ഉല്ലൂം മദ്രസ്സയിൽ കൂടിയിരുന്നു.

ലഘുഭക്ഷണത്തിന്നും വിശ്രമത്തിന്നും ശേഷം മദ്രസ്സയിൽവെച്ചു കൃത്യം 5മണിക്കു സമ്മേളനം ആരംഭിച്ചു പ്രാർത്ഥന. ജനാബ് കെ. കെ മുഹമ്മദ്സാഹിബ്ബിന്റെ സ്വാഗതം, എന്നിവക്കുശേഷം ഡാക്ടർ കമാൽ മുസ്ലീങ്ങൾ ഈ വിഷമഘട്ടത്തിൽ സംഘടിച്ചുനിന്നുകൊണ്ട് സമുദായത്തിന്റെയും മതത്തിന്റെയും രാജ്യത്തിന്റെയും ക്ഷേമാഭിവൃദ്ധികൾക്കായി പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയെ ശക്തിയായി വിവരിച്ചുകൊണ്ടു ഒരു ഗംഭീരപ്രസംഗം ചെയ്യുകയുണ്ടായി. മദ്രസ്സ ഹെഡ്മാസ്റ്റർ മി. അൻവർ പാഷാ ബി. എ. എൽ. ടി. യുടെ കൃതജ്ഞതാ പ്രകടനത്തിനു ശേഷം യോഗം പിരിഞ്ഞു.

ഡാക്ടരുടെ ഇവിടത്തെ താമസകാലത്ത് പ്രകാശത്തിന്നു വരിക്കാരെ ചേർക്കുവാനായും മററും സമുദായ സ്നേഹികളും മതഭക്തരും രാജ്യസ്നേഹികളുമായ മെസ്സേഴ്സ് എൻ. പി. കുഞ്ഞഹമ്മദ് സാഹിബ്, പി. പി. അബുബക്കർ സാഹിബ് മുതലായവർ സ്നേഹപൂർവ്വം പരിശ്രമിച്ചു എന്നുള്ളതു് കൃതജ്ഞതാപൂർവ്വം പ്രസ്താവിക്കേണ്ടതാണ്.

---



മി. ബുലഭായി ദേശായ്

ജൂലൈ 5-ാംനു കൂടുന്ന കോൺഗ്രസ് വർക്കിംഗ് കമ്മററിയിൽ സംബന്ധിക്കുന്നതിനായി ഇദ്ദേഹം ലണ്ടനിൽനിന്നും വിമാനമാർഗ്ഗമായി ബോംബെയിൽ എത്തിയിരിക്കുന്നു.

---

## ഡാക്ടർ കമാൽ തലശ്ശേരിയിൽ

ഒരു ദിവസം രണ്ട് സമ്മേളനങ്ങൾ.

മതത്തിനും സമുദായത്തിനും രാജ്യത്തിനും വേണ്ടി ഒന്നിക്കുവാൻ അഭ്യർത്ഥിക്കുന്നു.

തലശ്ശേരി ജൂൺ 28

ഡാക്ടർ കമാൽപാഷാ തയ്യിൽ വളപട്ടണത്ത്നിന്നും ഇന്നലെ പകൽ 12മണിക്കു സ്ഥലത്തെത്തി ഹാജി അബ്ദുൽസത്താർസേട്ടു എം. എൽ. എ. അവർകളുടെ അതിഥിയായി താമസിച്ചു വരുന്നു. അദ്ദേഹത്തിന്റെ ആഗമനത്തിൽ കുതുകികളായി സ്ഥലത്തെ മുസ്ലിം പ്രമാണികളായ മെസ്സേഴ്സ് ഖാൻ ബഹദൂർ ടി. എം. മൊയ്തു സാഹിബ് എം. എൽ. സി., സി. പി. മമ്മുക്കയിസാഹിബ് എം. എൽ. സി, ഹാജി അബ്ദുസത്താർ സേട്ടു എം. എൽ. എ., കെ. എം. സീതിസാഹിബ് ബി. എ. ബി. എൽ. എന്നിവർ പ്രസിദ്ധപ്പെടുത്തിയിരുന്ന വിജ്ഞാപനമനുസരിച്ചു മുസ്ലീങ്ങളുടെ ഒരു പൊതുയോഗം സ്ഥലം വിക്ടറി ടൌൺഹാളിൽ വെച്ചു വൈകുന്നേരം കൃത്യം 5 മണിക്കു ചേരുകയുണ്ടായി. യോഗത്തിൽ ധാരാളം ആളുകൾ സംബന്ധിച്ചിരുന്നു. സുപ്രസിദ്ധ സമുദായാഭിമാനിയും രാജ്യാഭിമാനിയുമായ ഖാൻബഹദൂർ ടി. എം. മൊയ്തു സാഹിബ് അവർകൾ എം. എൽ. സി. യാണ് സമ്മേളനത്തിൽ അദ്ധ്യക്ഷം വഹി

ച്ചു്. പൊതുകാൎയ്യ പ്രസക്തനായ ഹാജി അബ്ദുസ്സത്താർ സേട്ടു അവർകൾ എം. എൽ. എ. യുടെ സ്വാഗതപ്രസംഗത്തിനു ശേഷം അദ്ധ്യക്ഷനവർകൾ യോഗോദ്ദേശത്തെ വിശദീകരിച്ചും മുസ്ലീങ്ങളുടെ കൎത്തവ്യത്തെ അനുസ്മരിപ്പിച്ചും കാൎയ്യമാത്ര പ്രസക്തമായ ഉപക്രമ പ്രസംഗം നടത്തി.

തദനന്തരം ഡാക്ടർ കമാൽ തന്റെ സുദീൎഘമായ പ്രസംഗം ആരംഭിച്ചു. സമുദായത്തിന്റെ ഇന്നത്തെ ആവശ്യങ്ങളെ ഏററവും ശക്തിയായ ഭാഷയിൽ വിവരിച്ചുകൊണ്ടുള്ള ഡാക്ടർ സാഹിബ്ബിന്റെ പ്രസംഗം സദസ്യരെ സൎവ്വത്ര സന്തോഷിപ്പിച്ചു. മതപരവും, സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവും ആയ വിവിധതാല്പൎയ്യങ്ങളെ സംഘടിച്ചുനിന്നുകൊണ്ടു സംരക്ഷിക്കുവാൻ സമുദായത്തെ ഡാക്ടർ സാഹിബ് ഉൽബോധിപ്പിച്ചു. രാജ്യസേവനത്തിലും സ്വാതന്ത്ര്യബോധത്തിലും ആരും പിന്നിലല്ലാത്ത മുസ്ലീങ്ങൾ ഒരു സംഘടനയിൽ ഒന്നിച്ചു നിന്നുകൊണ്ടു ഈ രാജ്യത്തെ സ്വതന്ത്രയാക്കുന്ന കാൎയ്യത്തിൽ കഴിവതുചെയ്യുവാൻ അദ്ദേഹം അഭ്യൎത്ഥിച്ചു. യുവാക്കന്മാർ വിദ്യാഭ്യാസം; വ്യവസായം, കായികശക്തി ഇവയിൽ തല്പരരാകേണ്ടതായ ആവശ്യകതയെ പ്രാസംഗികൻ ചൂണ്ടിക്കാണിച്ചു.

അദ്ധ്യക്ഷനവർകളുടെ ഉപസംഹാര പ്രസംഗത്തിനുശേഷവും ജ: കെ എം. സീതിസാഹിബ് അവർകളുടെ കൃതജ്ഞതാപ്രകടനത്തിനുശേഷം യോഗം സമംഗളം പൎയ്യവസാനിച്ചു.

## ഉറദു അഭ്യസനത്തിന്റെ ആവശ്യകത

മദ്രസ്സ സമാരംഭിക്കുവാനുള്ള സംരംഭം.

തലശ്ശേരി ജൂൺ 28

സ്ഥലത്തെ മുസ്ലീങ്ങളുടെ ഇടയിൽ ഉറദുഭാഷ പ്രചരിപ്പിക്കുവാൻവേണ്ടി ഒരു മദ്രസ്സ സമാരംഭിക്കുവാനുള്ള കാൎയ്യങ്ങളെപ്പററി ആലോചിച്ചു തീരുമാനം ചെയ്യുവാനായി സമുദായ സ്നേഹികളായ മെസ്സേഴ്സ്. ഖാൻബഹദൂർ ടി. എം. മൊയ്തു സാഹിബ്. എം. എൽ. സി, മി. അബ്ദുള്ള സാഹിബ് എന്നിവരുടെ ഉത്സാഹഫലമായി മുസ്ലീങ്ങളുടെ ഒരു പൊതുയോഗം സ്ഥലം മദ്രസ്സയിൽവെച്ചു ഇന്നു ഉച്ചക്ക് ഡാക്ടർ കമാൽ പാഷാ തയ്യിലിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. അദ്ധ്യക്ഷനവർകൾ ഉറദു ഭാഷാ അഭ്യസനത്തിന്റെ ആവശ്യകതയെ സകാരണം ചൂണ്ടിക്കാണിച്ചുകൊണ്ടു് ഉപക്രമ പ്രസംഗം നടത്തി.

മെസ്സേഴ്സ്. ഹാജി അബ്ദുസ്സത്താർസേട്ടു (എം. എൽ. എ.) പി. അബ്ദുൾഖാദർ സാഹിബ്, കെ. പി. മമ്മുക്കോയി സാഹിബ് ഒ. വി. അബ്ദുള്ള സാഹിബ് മുതലായവർ ഉൽബോധജനകങ്ങളായ ഓരോ പ്രസംഗങ്ങൾ ചെയ്തു. ഹൈസ്കൂൾ മുൻഷിസാഹിബിന്റെ കൃതജ്ഞതാ പ്രകടനത്തോടും മദ്രസ്സയുടെ നടത്തിപ്പിന്നായി ഒരു കമ്മററിയെ തിരഞ്ഞെടുക്കുകയും ചെയ്തതിന്നുശേഷം യോഗം പിരിഞ്ഞു, പ്രകാശത്തിൽ വരിക്കാരെ ചേൎക്കുന്നതിന്നും മററുമായി ഖാൻ ബഹദൂർ ടി. എം. മൊയ്തു സാഹിബ് അവർകൾ വേണ്ട ഒത്താശകൾ ചെയ്തു എന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

## ജവഹരലാൽജി കേരളം സന്ദൎശിക്കുന്നു.

ആഗസ്റ്റ് മാസത്തിൽ



പണ്ഡിററ് ജവഹരിലാൽ

കോൺഗ്രസ് പ്രസിഡന്റ് ജവഹരിലാൽ നെഹ്റു അടുത്ത ആഗസ്റ്റ് മാസത്തിൽ കേരളം സന്ദൎശിക്കുന്നതാണെന്നറിയുന്നു. അദ്ദേഹം ഒരാഴ്ചയോളം മുസ്ലിംകേന്ദ്രങ്ങളായ ഏറനാട്, വള്ളുവനാട്, പൊന്നാനി എന്നീ താലൂക്കുകളിൽ സഞ്ചരിക്കുന്നതായിരിക്കും.

## രാജാജി ഗവൎണ്ണറെ സന്ദൎശിച്ചു.

ഒരു മണിക്കൂർനേരത്തെ സംഭാഷണം.

ഊട്ടക്കമൻഡ്, ജൂൺ 30

മദ്രാസ് നിയമസഭയിലെ കോൺഗ്രസ്സുകക്ഷി നേതാവായ മി. സി. രാജഗോപാലാചാരി മദ്രാസ് ഗവൎണ്ണർ എഴ്സ്കിൻപ്രഭുവിനെ ഊട്ടക്കമൻഡിൽ വച്ചു ഇന്നു സന്ദൎശിച്ചു അഭിമുഖ സംഭാഷണം നടത്തിയിരിക്കുന്നു.

ഗവൎമ്മെന്റു മന്ദിരത്തിൽ നിന്നും പ്രത്യേകമയച്ചുകൊടുത്ത കാറിൽ മേട്ടുപ്പാളയത്തിൽനിന്നും മി. ആചാരി ഊട്ടിയിലേക്കു തിരിച്ചു കാലത്തു പത്തു മണിയോടുകൂടി അദ്ദേഹം ഗവൎമ്മെന്റു മന്ദിരത്തിലെത്തി ഗവൎണ്ണറുമായി ഒരു മണിക്കൂർ നേരത്തോളം സംഭാഷണം നടത്തി. സംഭാഷണാനന്തരം അദ്ദേഹം പോഡന്നൂരിലേക്കാണു പുറപ്പെട്ടതു്. രാജാജി ഊട്ടിയിൽ വന്നുപോയ വിവരം ചുരുക്കം ചിലർ മാത്രമേ അറിയാനിടയായുള്ളു.

## പൌരസ്ത്യ ദേശങ്ങളിൽ ഇററാലിയൻ പ്രചരണ വേല

ബ്രി പാൎലിമെണ്ടിൽ ചോദ്യങ്ങൾ.

ലണ്ടൻ, ജൂൺ 29

അറേബിയാ, പാലസ്തീൻ, എന്നീ രാജ്യങ്ങളിൽ ഇററലി ബ്രിട്ടന്നെതിരായി പ്രചരണവേലകൾ നടത്തുന്നുണ്ടെന്ന പ്രസ്താവനയിൽ എത്രത്തോളം വാസ്തവമുണ്ടെന്നു ഇന്നു ബ്രിട്ടീഷ് പാൎലിമെണ്ടു പൊതുസഭയിൽവെച്ചു വിദേശകാൎയ്യമന്ത്രിയായ മി. ഏഡനോടു ചില സാമാജികന്മാർ ചോദ്യം ചെയ്തിരിക്കുന്നു. ഈ വിഷയത്തിൽ ഗവൎമ്മെണ്ടിന്റെ പ്രത്യേക ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നും ഇതേസംബന്ധിച്ചു ഗവൎമ്മേണ്ടു വേണ്ട നടപടികൾ അടുത്തുതന്നെ എടുക്കുന്നതാണെന്നും മി. ഏഡൻ മറുപടി പറഞ്ഞു. പൌരസ്ത്യപ്രദേശങ്ങളിൽ ബ്രിട്ടന്നെതിരായുള്ള പ്രചരണ വേലകളിൽ നിന്നു വിരമിക്കേണമെന്നു ഇററാലിയൻ അമ്പാസിഡരോടു താൻ പലകുറി താക്കീതു ചെയ്കയുണ്ടായെന്നും അപ്പോഴെല്ലാം വളരെ അനുകൂലമായ മറുപടിയാണു തനിക്കു ലഭിക്കുകയുണ്ടായിട്ടുള്ളതെന്നും മി. ഏഡൻ പ്രസ്താവിച്ചു. തുടൎന്നുകൊണ്ടു മി. ഏഡൻ പറഞ്ഞു, പൌരസ്ത്യ ദേശങ്ങളിൽ ബ്രിട്ടനെ വെല്ലുവിളിക്കുവാൻ ഇററലി പുറപ്പെടുകയാണെങ്കിൽ അതു കേവലം സാഹസമായ ഒരു പ്രവൃത്തി മാത്രമായിരിക്കും. ഇററലിയുടെ ഗൂഢതന്ത്രങ്ങൾ നിൎത്തൽചെയ്യുന്നതിന്നു ബ്രിട്ടൻ ആവുന്നതു പരിശ്രമിക്കുന്നതാണ്. ഇററലിയെ യഥേഷ്ടം പ്രവൎത്തിച്ചുകൊള്ളുവാനനുവദിച്ചു വെറുതെ വിടുന്നതു ആപൽക്കരമാണെന്നു ബ്രിട്ടന്നു നല്ലവണ്ണം അറിയാമെന്നും മി. ഏഡൻ പറയുകയുണ്ടായി.

പത്രാധിപർ:— ഡാക്ടർ കമാൽ പാഷാ തയ്യിൽ

# പ്രകാശം

പുസ്തകം 3 | കൊച്ചി 1937 ജൂലൈ 4 — 1112 മിഥുനം 20 | ലക്കം 24

## ഞായറാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്.

### പ്രകാശം

വരിസംഖ്യ മുൻകൂർ

| | രൂ. | ണ. | സ. |
|---|---|---|---|
| അഞ്ചലിൽ | | | |
| ഒരാണ്ടത്തേയ്ക്കു് | 4 | 0 | 0 |
| ഒററപ്രതിയ്ക്കു് | 0 | 1 | 0 |
| തപാലിൽ | | | |
| ഒരാണ്ടത്തേയ്ക്കു് | 5 | 0 | 0 |
| ഇൻഡ്യയ്ക്കു പുറമെ | 6 | 8 | 0 |

മുസ്ലിം സമുദായത്തിൻെറയും രാജ്യത്തിൻെറയും പ്രത്യേകിച്ചും, തൊഴിലാളി വർഗ്ഗത്തിൻെറയും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടേയും പൊതുവേയും, ആവശ്യങ്ങളും അവകാശങ്ങളും ശക്തിയായി പ്രതിപാദിക്കുന്നതിനായി ഡാക്ടർ കമാൽപാഷാ തയ്യലിൻെറ ആധിപത്യത്തിലും സുശിക്ഷിതരായ ചില പ്രസിദ്ധ പത്രപ്രവർത്തകന്മാരുടെയും സാഹിത്യ നായകന്മാരുടേയും സഹകരണത്തിലും "പ്രകാശം" ഒരൊന്നാന്തരം പ്രതിവാരികയായി പ്രസിദ്ധപ്പെടുത്തുന്നു. കൊച്ചീ ഗവർമ്മെണ്ടിൽനിന്നു ലൈസൻസു ഫീസ്സായ ആവശ്യപ്പെട്ട ന്യൂസ്പേപ്പർ റെഗുലേഷൻ അനുസരിച്ചുള്ള ഏററവും കൂടുതല സംഖ്യയായ 500 ക. കെട്ടിവെച്ചുമാണ് പ്രകാശം നടത്തുന്നതു്.

ചിത്രങ്ങളും, കേരളത്തിലെ കേളികേട്ട സാഹിത്യകാരന്മാരുടേയും, രാഷ്ട്രീയ ചിന്തകന്മാരുടേയും, മത പണ്ഡിതന്മാരുടേയും സമുദായ പരിഷ്ക്കാര പ്രവർത്തകന്മാരുടേയും ചെറുകഥാകൃത്തുക്കളുടേയും പ്രസന്ന പ്രൌഢഗംഭീരങ്ങളായ ലേഖനങ്ങളും ആദർശ യോഗ്യവും ഹൃദയാവർജ്ജകവുമായ ചെറുകഥകളും തുടർച്ചയായി ഉണ്ടായിരിക്കും. വിജ്ഞാന ശകലങ്ങൾ, തൂലികാ ചിത്രം, ഹാസസാഹിത്യം, ബാലവീഥി, മഹിളാപംക്തി എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

"പ്രകാശ"ത്തിന്നു എല്ലാ സ്ഥലങ്ങളിലും ഒററപ്രതി വില്പനയ്ക്കും, വരിക്കാരെ ചേർക്കുന്നതിന്നും ഏജൻറുമാരെ ആവശ്യമുണ്ടു്. സെക്യൂരിററി തരുവാൻ നിവൃത്തിയില്ലാത്തവരുടെ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഏജൻസി വ്യവസ്ഥയ്ക്കു് ആപ്പീസിൽ എഴുതി ചോദിക്കുക.

മാനേജർ,

പ്രകാശം, കൊച്ചി.

### മുഖചിത്രം.

തുർക്കിയിൽ ബുർസാ എന്ന സ്ഥലത്തെ "യിൽറിം" മുസ്ലിം പള്ളി.


തലശ്ശേരിയിൽ വരുന്ന യാത്രക്കാർ

ഇനിയും ക്ലേശിക്കേണ്ട

സുഖമായ ഭക്ഷണം! മിതമായ ചാർജ്ജ്!!

നൂർജിഹാൻ ഹോട്ടൽ

പല മാന്യന്മാരിൽനിന്നും സർട്ടിഫിക്കററുകൾ ലഭിച്ചിട്ടുള്ള ഈ ഹോട്ടലിൽ യാത്രക്കാർക്കു താമസത്തിനും മററും വേണ്ട എല്ലാ സൌകര്യങ്ങളും ചെയ്തിട്ടുണ്ടു്.

മാനേജർ,

നൂർജിഹാൻ ഹോട്ടൽ,

തലശ്ശേരി.


Printed & Published by Dr. Kamal Pasha Thail, at the Janaki Printing Works, Cochin.